# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അരുവിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.6/668/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/03/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരുവിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-14,1-15,1-33,1-36,1-39 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.6/668/2021 തീയ്യതി: 31/03/2021

## തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2021 മുതൽ 19-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2021 | 19-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-03-2021 | 19-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി.പി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജയലക്ഷമി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജസ്റ്റിൻ രാജ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഖ.സി.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ എസ്.പ്രവീൺ | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അതുല്യ.എം.ആർ | കൃഷിഓഫിസർ | 01-03-2019 | 17-09-2019 |
| ശ്രീമതിഷീബ തോമസ് | കൃഷിഓഫിസർ | 18-09-2019 | 31-03-2020 |
| ശ്രീ അരുൺകുമാർ.എസ്.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി ലക്ഷ്മി എം.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി സൗമ്യറാണി .ആർ | ഐ.സി.ഡി. എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.അഞ്ചു മറിയം ജോൺ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.മൊഹസീന റഷീദ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ ശ്രീജ എസ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ഭാഗ്യലക്ഷ്മി. വി.എൽ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ദീപ.ബി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ എൻ. നജീം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീദേവി .എസ് | ഡയറി ഫാം ഇൻസ്പെക്റ്റർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1 |
| 2 | ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-2 |
| 3 | യാഥാർത്ഥ്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-3 |
| 4 | അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കാതെ ചെലവ് ചെയതു<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-4 |
| 5 | പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിച്ചില്ല<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-5 |
| 6 | പ്രതിമാസമുള്ളതും, വാർഷികവുമായ ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-6 |
| 7 | വാർഷികധനകാര്യപത്രിക<br>Written By: Rekha C S (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2 |
| 8 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-1 |
| 9 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-2 |
| 10 | ചെലവഴിച്ച ഗുണഭോക്തൃവിഹിതം ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-3 |
| 11 | ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-4 |
| 12 | ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-5 |
| 13 | ചെലവഴിക്കാതെ ജില്ലാ , ബ്ളോക്ക് പഞ്ചായത്ത് വിഹിതം അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-6 |
| 14 | ചെലവഴിക്കാത്ത തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-7 |
| 15 | സാമ്പത്തിക വിശകലനം<br>Written By: P. Sreedevi (Audit Officer, On 29-03-2021) | 1-3 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 16 | ഗ്രാന്റ് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-4 |
| 17 | പദ്ധതി അവലോകനം<br>Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: P. Sreedevi (Audit Officer, On 29-03-2021) | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-6 |
| 19 | തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-6-1 |
| 20 | തൊഴിലുറപ്പ് പദ്ധതി- റ്റി.ഡി.എസ്.ഈടാക്കിയിട്ടില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-6-2 |
| 21 | ക്ഷേമപദ്ധതികൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 23-03-2021)<br>Last Updated By: P. Sreedevi (Audit Officer, On 24-03-2021) | 1-7 |
| 22 | രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലും വരുത്തുന്നില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 21-03-2021)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 23-03-2021) | 1-7-1 |
| 23 | തൊഴിൽരഹിത വേതനം- രജിസ്റ്റർ സൂക്ഷിപ്പ് ക്രമപ്രകാരമല്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 21-03-2021)<br>Last Updated By: P. Sreedevi (Audit Officer, On 28-03-2021) | 1-7-2 |
| 24 | ക്യാഷ് പരിശോധന<br>Written By: Justin Raj T.S (Senior Grade Auditor, On 27-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: P. Sreedevi (Audit Officer, On 31-03-2021) | 1-9 |
| 26 | അഗതിരഹിതകേരളം പദ്ധതി. ( പ്രോജക്ട് നം.54/19-20)<br>Written By: P. Sreedevi (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-10 |
| 27 | പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഹാജരാക്കിയില്ല<br>Written By: Rekha C S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-11 |
| 28 | പി.എച്ച്.സിയ്ക്ക് മരുന്ന് ലഭിച്ചില്ല - 379618/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-12 |
| 29 | ക്യാൻസർ രോഗനിർണ്ണയ പരിപാടി - രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല -17140/- രൂപ തടസ്സം<br>Written By: Rekha C S (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 01-04-2021) | 1-13 |
| 30 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി( SO149/2020)<br>Written By: Rekha C S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-14 |
| 31 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി - രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല -100000/- രൂപ തടസ്സം<br>Written By: Rekha C S (Senior Grade Auditor, On 14-03-2021)<br>Last Updated By: K Sreeja (Deputy Director, On 01-04-2021) | 1-15 |
| 32 | 115395/- രൂപയ്ക്കുള്ള ഉപകരണങ്ങൾ,മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ തുക തടസ്സത്തിൽ വെയ്ക്കുന്നു. | 1-16 |

| | | |
|---|---|---|
| | Written By: Rekha C S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 33 | പദ്ധതി ആസൂത്രണത്തിലെ അപാകത -തുക മുഴുവൻ ചെലവായില്ല<br>Written By: Rekha C S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-17 |
| 34 | ആസ്തിപരിപാലനത്തിൽ അപാകത<br>Written By: Rekha C S (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-18 |
| 35 | രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19 |
| 36 | സൈറ്റ്പരിശോധനയുടെ അഭാവത്താൽ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ടിവരുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-20 |
| 37 | ടെണ്ടർഫോം വില ഈടാക്കിയത്- രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-21 |
| 38 | പകൽവീട് പ്രവർത്തനമാരംഭിക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-22 |
| 39 | ഇലക്ട്രിക്കൽ പ്രവൃത്തികൾ- ഗുണഭോക്തൃസമിതി വഴി നടപ്പാക്കി<br>Written By: Jayalekshmi BK (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-23 |
| 40 | മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്<br>Written By: Jayalekshmi BK (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-24 |
| 41 | അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച പ്രോജക്ടുകൾ- പൊതുഅപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-25 |
| 42 | വാട്ടർഅതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനുമതിയില്ലാതെ റോഡ് നിർമ്മാണം<br>Written By: Jayalekshmi BK (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-26 |
| 43 | മാർഗ്ഗരേഖയ്കു വിരുദ്ധമായി തുക ചെലവഴിച്ചു.<br>Written By: P. Sreedevi (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-27 |
| 44 | മുൻവകാല ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ - തുടർനടപടി സ്വീകരിച്ചിട്ടില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-28 |
| 45 | ഫയലുകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-29 |
| 46 | മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവഴിച്ചു.-22300/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-30 |
| 47 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല | 1-31 |

| | | |
|---|---|---|
| | Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 48 | വാഹന പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-32 |
| 49 | ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-32-1 |
| 50 | പുക പരിശോധയ്ക്ക് (Pollution Test)വിധേയമാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-32-2 |
| 51 | മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-32-3 |
| 52 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-32-4 |
| 53 | വാടക യഥാസമയം പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-33 |
| 54 | റോഡ് കട്ടിംഗ് ചാർജ് വരവു രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-34 |
| 55 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-35 |
| 56 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-36 |
| 57 | വ്യാപാരികളുടെ ലിസ്റ്റ് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-37 |
| 58 | വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-38 |
| 59 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-39 |
| 60 | കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-40 |
| 61 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-41 |
| 62 | കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-41-1 |
| 63 | സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-41-2 |

| | | |
|---|---|---|
| 64 | രസീതുകൾ റദ്ദുചെയ്യുന്നത് ശരിയായ രീതിയിലല്ല<br>Written By: Justin Raj T.S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-41-3 |
| 65 | പ്രോജക്ടുകളുടെ നിർവ്വഹണത്തിനും ചെലവു തുകയ്ക്കും നിദാനമായ രേഖകൾ ഹാജരാക്കിയില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-42 |
| 66 | നിർവ്വഹണോദ്യോഗസ്ഥൻ ക്യാഷ്ബുക്ക് ഹാജരാക്കിയില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-43 |
| 67 | കേരള സംസ്ഥാന സേവനാവകാശ ആക്റ്റ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-44 |
| 68 | പൗരാവകാശരേഖ പുതുക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-45 |
| 69 | വിവരാവകാശ രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-46 |
| 70 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.<br>Written By: P. Sreedevi (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-47 |
| 71 | പഞ്ചായത്ത് തല കായിക വികസനം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: P. Sreedevi (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-48 |
| 72 | പാഥേയം പദ്ധതി (പ്രോജക്ട് നം.55/19-20 ).-- അപാകതകൾ.<br>Written By: P. Sreedevi (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-49 |
| 73 | അനുപൂരകപോഷകാഹാരവിതരണം-കയറ്റിറക്കുകൂലി അധികം നൽകി.<br>Written By: P. Sreedevi (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-50 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം<br>Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-3 |
| 4 | സ്ഥിരനിക്ഷേപം<br>Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-4 |
| 5 | ഓഡിറ്റ് റിക്കവറി | 4-5 |

| | | |
|---|---|---|
| | Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 6 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-6 |
| 7 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ<br>Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rekha C S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-8(എ)) |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sreedevi (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 22.02.19 ലെ തീരുമാനം (1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് മുൻബാക്കി 1,81,94,038 രൂപയും, പ്രതീക്ഷിത വരുമാനം 29,12,53,550രൂപയും ചേർത്ത് ആകെ വരവ് 30,94,47,588രൂപയും ആകെ 29,95,39,841ചെലവ് രൂപയും നീക്കിബാക്കി 99,07,747 രൂപയും ആണ്. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 27.2.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

## 1-1-2 ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 10 നുള്ള മറുപടി)

| ക്രമ നം. | ഇനം | സമയം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 14.01.2019 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | മെഡിക്കൽ ഓഫീസർ (ആയുർവേദം), മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ (പിഎച്ച്.സി), ജി,എൽ.പി,എസ്. കൊകോതമംഗലം എന്നിവർ18.01.2019 മുതൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് ഘടക സ്ഥാപനങ്ങൾ സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമായില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ജനുവരി 25-ന് മുൻപ് ചേർന്നിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 28.01.2019 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 12.12.2018-ൽ 2019-20 സാമ്പത്തിക വർഷത്തേക്കുള്ള വാർഷികപദ്ധതികൾക്ക് അംഗീകാരം നൽകി |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 08.02.2019 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 22.02.2019 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27.02.2019 |

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. മേൽ അപാകതകൾ പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 യാഥാർത്ഥ്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്

27/02/2019-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1-50 നമ്പർ തീരുമാന പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകളും യഥാർത്ഥ വരവ് ചെലവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്.

| ഇനം | ബജറ്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,81,94,038 | 3,07,15,463 |
| വരവ് | 29,12,53,550 | 9,33,54,868 |
| ആകെ | 30,94,47,588 | 12,40,70,331 |
| ചെലവ് | 29,95,39,841 | 9,64,16,388 |
| നീക്കിയിരിപ്പ് | 99,07,747 | 2,76,53,943 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28 ന് മറുപടി ലഭ്യമായില്ല.യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-1-4 അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കാതെ ചെലവ് ചെയ്തു

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് 33സ്പിൽ ഓവർ പ്രോജക്കുകൾ28.05.2019-ലെ1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.എന്നാൽ ബജറ്റ് പുതുക്കിയില്ല.2020-21ലെ ബജറ്റിനോടൊപ്പം പാസാക്കിയ പുതുക്കിയ ബജറ്റിൽ തന്നാണ്ടിൽ ബജറ്റിൽ വകയിരുത്താത്ത തുകകൾ വകയിരുത്തുകയാണ് ഉണ്ടായത്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും- മറ്റ് വിളകൾ | 2501002 | 250000 | 1103223 | 1103223 |
| 2 | മറ്റ് കാർഷിക വികസന പരിപാടികൾ | 2501003 | 100000 | 263250 | 263250 |
| 3. | ക്ഷീരവികസനം - സംഭരണം വിതരണം | 2501046 | 1200000 | 1419100 | 1419100 |
| 4 | ക്ഷീരവികസനം - പശ്ചാത്തല സൗകര്യങ്ങൾ | 2501048 | 500000 | 1000000 | 1000000 |
| 5 | ഭവനനിർമ്മാണം | 2513001 | 15000000 | 27009412 | 27009412 |

2020-21ലെ ബജറ്റിനോടൊപ്പം പാസാക്കിയ പുതുക്കിയ ബജറ്റ് 2019-20 ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ്

(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറി നമ്പർ 28 ന് മറുപടി ലഭ്യമായില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവ്-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-1-5 പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28 ന് മറുപടി ലഭ്യമായില്ല.

## 1-1-6 പ്രതിമാസമുള്ളതും, വാർഷികവുമായ ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽപരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനുട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28 ന് മറുപടി ലഭ്യമായില്ല.മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 09.06.2020 | ബാധകമല്ല | ബാധകമല്ല |

## 1-2-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 61 ഇ പ്രകാരമുള്ള അക്കൌണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ,ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-2-2 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ B-18 Schedule പ്രകാരം Festival Advance ഇനത്തിൽ 6000/- രൂപ നീക്കിയിരിപ്പുണ്ട്.അഡ്വാൻസ് രജിസ്റ്റർ പ്രകാരം 4/9/2019-ലെ 21900497 നമ്പർ വൗച്ചർ പ്രകാരം ശ്രീ .സുരേഷ് കുമാറിന് 15000/- ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയിൽ 9000/- രൂപ മാത്രമേ ക്രമീകരിച്ചിട്ടുള്ളൂ. ബാക്കി തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ B-18 Schedule പ്രകാരംAdvance To Implementing Officersഇനത്തിൽ 190000/-രൂപ നീക്കിയിരിപ്പുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുള്ള തുക മെഡിക്കൽ ഓഫീസർക്ക് 21/5/2019-ലെ 21900144 നമ്പർ വൗച്ചർ പ്രകാരം 190000/- നൽകിയ തുകയാണ്.

മുൻകൂറുകൾ നാളിതുവരെ ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 23 ന് മറുപടി നല്കിയില്ല. ജി.ഒ. (എം.എസ്.) 419/2011 ധനം 04.10.2011 പ്രകാരം മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്ന് വ്യകതമാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചുപിടിക്കേണ്ടതും തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുമാണ്.പ്രസ്തുത തുകകൾ അടിയന്തിരമായി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-3 ചെലവഴിച്ച ഗുണഭോക്തൃവിഹിതം ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം Benificiary Contribution (320800101)ഇനത്തിൽ 86250/- രൂപയും നീക്കിയിരിപ്പുണ്ട്. ലഡ്ജർ പരിശോധിച്ചതിൽ Beneficiary Contribution ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയായ 85260/- രൂപയിൽ 81250/-രൂപ ഫലവൃക്ഷകൃഷി വികസനം(പ്രോജക്റ്റ് നം.21/2019) എന്ന പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതമായ് ലഭിച്ച തുകയാണ്. എന്നാൽ സുലേഖ എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.മാത്രമല്ല പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ TR-57(E) പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് പ്രസ്തുത തുക നൽകിയിട്ടുണ്ട്. Agricultural Development Programs-General എന്ന Head Of Account (250100301)ന്റെ ലഡ്ജർ പരിശോധിച്ചതിൽ 30.3.20-ൽ 2140607,2140608 എന്നീ ചെക്ക് പ്രകാരം ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക Beneficiary Contribution ഇനത്തിൽ നീക്കിയിരിപ്പായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23 )മറുപടി ലഭ്യമായില്ല

## 1-2-4 ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ Receipt And Payment Schedule-15 പ്രകാരം Animal Husbandry -Cow -SCP എന്ന Head Of Account (250103102)ൽ 7000/- രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ പ്രസ്ഉത Head Of Account-മായ് ബന്ധപ്പെട്ട് പദ്ധതി നടപ്പിലാക്കുകയും ചെലവ് ചെയ്യുകയും ചെയ്തിട്ടില്ല.ലഡ്ജർ പരിശോധിച്ചതിൽ പ്രസ്തുത ചെലവ് കാലിത്തൊഴുത്ത് നിർമ്മാണം(പ്രോജക്റ്റ് നം,52/2020) എന്ന പദ്ധതിയുമായി ബന്ധപ്പെട്ടതാണ് .(ഓഡിറ്റ് എൻക്വയറി 23)

## 1-2-5 ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ വികസനത്തിനുള്ള ഉപകരണങ്ങളും മരുന്നുകളും വാങ്ങൽ( പ്രോജക്റ്റ് നം.57/2020) എന്ന പദ്ധതിയ്ക്കായി സുലേഖ എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് ,പ്രോജക്റ്റ് ഫയൽ എന്നിവ പ്രകാരം 72000/-രൂപ(Maintenance Fund – Nonroad)ഉപകരണങ്ങൾ വാങ്ങുന്നതിനായി Inhouse Drug Bank -ന് നൽകിയിട്ടുണ്ട്. കൂടാതെ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ സ്പോട്ട് ബില്ലിംഗ് മെഷീൻ വാങ്ങൽ(പ്രോജക്റ്റ് നം.45/2019) എന്ന പദ്ധതി പ്രകാരം 36000/- വികസനഫണ്ടിൽ നിന്ന് ചെലവ് ചെയ്തിട്ടുണ്ട്.പ്രസ്തുത ചെലവ് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-23ന് മറുപടി ലഭ്യമായില്ല.

## 1-2-6 ചെലവഴിക്കാതെ ജില്ലാ , ബ്ളോക്ക് പഞ്ചായത്ത് വിഹിതം അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ജില്ലാ പഞ്ചായത്ത് ബ്ളോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് വിഹിതമായി ലഭ്യമായതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 1 | 320700203 | ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്റ്റുകൾക്കുള്ള വിഹിതം (റവന്യൂ) | 308028 |
| 2 | 320700204 | ബ്ളോക്ക് പഞ്ചായത്തുകളിൻ നിന്നും സംയുക്ത പ്രോജക്റ്റുകൾക്കുള്ള വിഹിതം (റവന്യൂ) | 6839878 |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. 23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. പ്രസ്തുത തുകകളുമായി ബന്ധപ്പെട്ട പദ്ധതികൾ സ്പിൽ ഓവർ ആയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനും ഇല്ലെങ്കിൽ ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറാത്തതിനും അക്കൗണ്ട് സീറോ ബാലൻസ് ആക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -19ന് മറുപടി ലഭ്യമായില്ല.തുകകളുമായി ബന്ധപ്പെട്ട പദ്ധതികൾ സ്പിൽ ഓവർ ആയിട്ടില്ലെങ്കിൽ ചെലവഴിക്കാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്.

## 1-2-7 ചെലവഴിക്കാത്ത തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100115 | കേന്ദ്രാവിഷ്കൃത പദ്ധതി-റ്റി.എസ്.സി | 3804085 |
| 2 | 320100116 | കേന്ദ്രാവിഷ്കൃത പദ്ധതി-SSA | 150444 |
| 3 | 320100121 | കേന്ദ്രാവിഷ്കൃത പദ്ധതി- ICDS | 2377630 |
| 4 | 320200305 | ഡെവലപ്പ്മെന്റ് ഫണ്ടിലും സംസ്ഥാന ആവിഷ്കൃത പദ്ധതിയിലും ഉൾപ്പെടാത്ത മറ്റ് വിവിധ ഉദ്ദേശ്യ ഗ്രാന്റുകൾ | 43350 |

പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -19 മറുപടി ലഭ്യമായില്ല.ചെലവഴിക്കാത്ത തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | RP പ്രകാരം |
|---|---|
| മുന്നിരിപ്പ് | 3,07,15,463 |
| വരവ് | 9,33,54,868 |
| ആകെ | 12,40,70,331 |
| ചെലവ് | 9,64,16,388 |
| നീക്കിയിരിപ്പ് | 2,76,53,943 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| | | | | | 963225 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 17678675 | 17678675 | 16715420 | 963225 (ക്യൂ ബിൽ) |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 5486235 | 5486235 | 4223000 | 1263235 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 348000 | 348000 | 293000 | 55000 |
| മെയിന്റനൻസ്, റോഡ് | | 0 | 16378000 | 16378000 | 3224226 | 14911639 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 6246000 | 6246000 | 4768002 | 1477998 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied | | 0 | 16465059 | 16465059 | 6216558 | 10248501 (3171881-ക്യൂ ബിൽ) |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 30236093 | 30236093 | 30236093 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19498 | 1393881 | 1403379 | 1413093 | 286 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 4058558 | 0 | 4058558 | 254473 | 3804085 |
| | ഐ.സി.ഡി.എസ് | 1798673 | 1078507 | 2877180 | 499550 | 2377630 |
| | എസ്.എസ്.എ | 139513 | 10931 | 150444 | 0 | 150444 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ലൈബ്രറി ഗ്രാന്റ് | | 0 | 31400 | 31400 | 31400 | 0 |

<u>കുറിപ്പുകൾ</u>

1.വികസനഫണ്ട്(പൊതുവിഭാഗം), വികസനഫണ്ട്(എസ്.സി.പി) എന്നീ ഫണ്ടുകളുടെ ചെലവ് ,നീക്കിയിരിപ്പ് എന്നിവ അക്കൗണ്ടസ്, എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ഫണ്ട് | അക്കൗണ്ടസ് | എ.സി.ആർ | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് |
|---|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) -ചെലവ് | 16715420 | 17678675 | 17899983 |
| വികസനഫണ്ട്(പൊതുവിഭാഗം) -നീക്കിയിരിപ്പ് | 963255(ക്യൂ ബിൽ) | 0 | -221308 |
| വികസനഫണ്ട്(എസ്.സി.പി)-ചെലവ് | 4223000 | 4273000 | 4384765 |
| വികസനഫണ്ട്(എസ്.സി.പി)-നീക്കിയിരിപ്പ് | 1263235 | 1213235 | 1101470 |

2. വികസനഫണ്ട്(പൊതുവിഭാഗം)ന്റെ 30%(5303602/-) പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ 2657700/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്.ആയതിൽ 1166950 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

3. വികസനഫണ്ടിന്റെ 10%(1767867/-) മാലിന്യസംസ്കരണത്തിന് വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മാലിന്യസംസ്കരണത്തിന് യാതൊരുപദ്ധതിയും നടപ്പിലാക്കിയില്ല .

4. കുട്ടികൾ,ഭിന്നശേഷിയുള്ളവർ എന്നിവർക്കായി1439950/- രൂപ വകയിരുത്തിയെങ്കിലും 206268/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. നീക്കിയിരിപ്പുള്ള1233682/- രൂപയിൽ 545068(176261+3688047) രൂപ ക്യൂബില്ലാണ് 688614/- ചെലവഴിച്ചിട്ടില്ല.

5.വികസനഫണ്ട് (SCP),വികസനഫണ്ട് (TSP) എന്നിവയുടെ 30% പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.വികസനഫണ്ട് (SCP)പ്രകാരം വകയിരുത്തിയ 5486235/-രൂപയിൽ 1645870/- രൂപ വകയിരുത്തേണ്ടടത്ത് 80882/- രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ.(ആയത് മുഴുവൽ ചെലവഴിച്ചിട്ടുണ്ട്.)വികസനഫണ്ട് (TSP) ഫണ്ടിൽ പശ്ചാത്തലമേഖലയ്ക്ക് യാതൊരു തുകയും വകയിരുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -34ന് മറുപടി ലഭിച്ചില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 138416413 | 138 | 61623667 | --- | 104 | 57% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19498 | 1393881 | 2390877 | 1413093 | 286 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 28823000 (*) | 28823000 | 28823000 | 0 |
| ആകെ | 1948 | 30216881 | 31213877 | 30236093 | 286 |

(*) ക്യാഷ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 100 Days Incentive വരവ്- 958000/- രൂപയാണ്. എന്നാൽ അക്കൗണ്ട്സ് പ്രകാരമുള്ള വരവ് 959000/-രൂപയാണ്.

## 1-6-1 തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ

1. MGNREG Act 2005 ഖണ്ഡിക 14.10.2 ൽ നിർദ്ദേശിക്കുംപ്രകാരമുള്ള സൈറ്റ് ഡയറി എല്ലാ പ്രവൃത്തി ഫയലുകളിലും സൂക്ഷിക്കുന്നില്ല. വിജിലൻസ് &മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപ്പെടുത്തുന്നില്ല.

   വ്യക്തിഗത ആസ്തിക്ക് സൈറ്റ് ഡയറി സൂക്ഷിക്കാറില്ലെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ വ്യക്തിഗതമല്ലാത്ത ആസ്തികൾക്കും സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല. MGNREG Act ൽ നിഷ്കർഷിക്കുംപ്രകാരമുള്ള സൈറ്റ ഡയറി എല്ലാ പ്രവൃത്തിഫയലിലും സൂക്ഷിക്കേണ്ടതാണ്.

2. ക്യാഷ്ബുക്ക് പ്രകാരം 100 Days Incentive വരവ്- 958000/- രൂപയാണ്. എന്നാൽ അക്കൗണ്ട്സ് പ്രകാരമുള്ള വരവ് 959000/-രൂപയാണ്.

   2018-19 വർഷം 958 തൊഴിലാളികളാണ് 100 ദിവസം പൂർത്തീകരിച്ചതെന്നും, 958000/- രൂപയാണ് യഥാർത്ഥ വരവെന്നും, ഒരാൾക്കുള്ള 1000/- രൂപ അയച്ചത് തിരിച്ച് വന്നത് വരവായി എടുത്തതിനാലാണ് അക്കൗണ്ട്സിൽ 959000/-രൂപയായി കാണുന്നതെന്നുമാണ് വിശദീകരണം. അക്കൗണ്ട്സിലെ അപാകത പരിഹരിക്കേണ്ടതാണ്.

3. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ മസ്റ്റർറോളിലും, എം-ബുക്കിലും കൃത്യതയോടെയല്ല രേഖപ്പെടുത്തൽ വരുത്തുന്നത്. ഉദാ. ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | അപാകത | ലഭ്യമായ മറുപടി |
|---|---|---|
| 19 ാം വാർഡിലെ കെൽട്രോൺ-തുളസിനഗർ ഇടറോഡ്കോൺക്രീറ്റ് | 24.02.2020 മുതൽ 18.03.2020വരെ തുടർച്ചയായി ഞായറാഴ്ച ഉൾപ്പെടെയുള്ള അവധിദിവസങ്ങളിലും ജോലിചെയ്തതായി കാണിച്ച് മസ്റ്റർറോളിൽ ഒപ്പിടുകയും ഇതനുസരിച്ച് വേതനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ എം-ബുക്കിൽ പ്രവൃത്തി നടത്തിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. | മെറ്റീരിയൽ പ്രവൃത്തി അവധി ദിവസങ്ങളിലും നടപ്പാക്കാറുണ്ടെന്നും, ഡേറ്റ് രേഖപ്പെടുത്താത്തത് ടെക്നിക്കൽ ഭാഗത്തുനിന്നുള്ള വീഴ്ചകൊണ്ടാണെന്നുമാണ് മറുപടി |
| പുളിച്ചമാംമൂട്-ജെ.റ്റി.എസ്.റോഡ് കോൺക്രീറ്റിംഗ് | എം-ബുക്കിൽ പ്രവൃത്തി നടത്തിയ തീയതിരേഖപ്പെടുത്തിയിട്ടില്ല. | ടെക്നിക്കൽ ഭാഗത്തുനിന്നുള്ള വീഴ്ച |

| | | |
|---|---|---|
| | മെഷർമെന്റ് പാർട്ടും, ബിൽപാർട്ടും പ്രത്യേകംരേഖപ്പെടുത്താതെ ഒന്നിച്ചുരേഖപ്പെടുത്തിയിരിക്കുന്നു. | പരിഹരിക്കുന്നതാണെന്നാണ് മറുപടി |
| കാവനംപുറം ഏലാറോഡ് കോൺക്രീറ്റിംഗ് | മസ്റ്റർറോൾ പ്രകാരം 15.07.2019 മുതൽ 19.07.2019 വരെ ജോലിചെയ്തതായി തൊഴിലാളികൾ ഒപ്പിട്ട് വേതനം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ എം-ബുക്ക് പ്രകാരം 15.07.2019 മുതൽ 17.07.2019 വരെമാത്രമാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിരിക്കുന്നത്. | തീയതി എഴുതിയതിൽ തെറ്റുപറ്റിയെന്നാണ് മറുപടി |

4. MGNREG Act 2005 ഖണ്ഡിക 6.1.10 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി തയ്യാറാറാക്കപ്പെട്ട പ്രവർത്തികൾ , അവയുടെ തുടർ നടപടി ക്രമങ്ങൾ എന്നിവ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണം എന്നാൽ വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള കാലിത്തൊഴുത്ത് നിർമ്മാണം, കിണർനിർമ്മാണം തുടങ്ങിയ പ്രവൃത്തികളുടെ ഗുണഭോക്താക്കളെ ഗ്രാമസഭവഴി അംഗീകരിച്ചിട്ടില്ല.

രേഖകളും രജിസ്റ്ററുകളും ക്രമപ്രകാരം സൂക്ഷിക്കേണ്ടതും, പ്രവൃത്തികളുടെ എം-ബുക്കിലും മസ്റ്റർ റോളിലും കൃത്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. വ്യക്തിഗത ആനുകൂല്യത്തിന് അർഹതയുള്ളവരെ പദ്ധതി രൂപീകരിച്ച് അംഗീകരിച്ച് ആനുകൂല്യം നല്കുന്നതിന് മുൻപ് ഗ്രാമസഭയിൽ തെരഞ്ഞെടുക്കേണ്ടതാണ്.

## 1-6-2 തൊഴിലുറപ്പ് പദ്ധതി- റ്റി.ഡി.എസ്.ഈടാക്കിയിട്ടില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% റ്റി.ഡി.എസ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ റ്റി.ഡി.എസ്. തുക കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിൽ നൽകിയ തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി(2%) |
|---|---|---|---|
| പുളിച്ചാമല-ജെ.റ്റി.എസ്.റോഡ് കോൺക്രീറ്റിംഗ് | ശ്രീ.ശശിധർനായർ.പി | 335274 | 6706/- |
| ചൈതന്യനഗർ റോഡ് കോൺക്രീറ്റ് സിമന്റ് ബ്ലോക്ക് ഉപയോഗിച്ച് സഞ്ചാരയോഗ്യമാക്കൽ | | 299047 | 5981 |
| ആകെ | | | 12687/- |

ബില്ലുകൾ ജി.എസ്.ടി. ഉൾപ്പെടുത്തിയാണ് നൽകിയതെന്ന തെറ്റായ മറുപടിയാണ് നൽകിയിട്ടുള്ളത്. കരാറുകാരനിൽ നിന്ന് ജി.എസ്.ടി. ഈടാക്കി ഒടുക്കവരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 564000 (*) | 431 |
| കർഷകതൊഴിലാളി പെൻഷൻ | 1921800 | 326 |
| വിധവ പെൻഷൻ | 456000 | 1002 |
| വാർദ്ധക്യകാല പെൻഷൻ | 16216800 | 2708 |
| വികലാംഗ പെൻഷൻ | 2763900 | 449 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 456600 | 69 |

(*) വേതനരജിസ്റ്റർ പ്രകാരം ഈ ഇനത്തിലെ ചെലവ് 406320/- രൂപയാണ്. എന്നാൽ അക്കൗണ്ട്സ് പ്രകാരമുള്ള വരവ്/ചെലവ് 564000/- രൂപയാണ്. അലോട്ട്മെന്റ് പ്രകാരം ലഭിച്ച തുകയിൽ ചെലവഴിക്കാതെ ചെലാൻ പ്രകാരം തിരിച്ചടച്ച 157860/- രൂപ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

### 1-7-1 രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലും വരുത്തുന്നില്ല

ക്ഷേമപെൻഷൻ അപേക്ഷ ലഭ്യമാക്കിയത് പരിശോധിച്ചതിൽ മുഴുവൻ അപേക്ഷകളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല, രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നവയ്ക്കാകട്ടെ എല്ലാ രേഖപ്പെടുത്തലും വരുത്തുന്നുമില്ല. ആയതിനാൽ ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുണ്ടോയെന്നത് വ്യക്തമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. കർഷകതൊഴിലാളി പെൻഷൻ- രജിസ്റ്ററിൽ 02/2017 വരെയുള്ള രേഖപ്പെടുത്തൽ മാത്രമേ ഉള്ളൂ
2. വിധവ പെൻഷൻ- 19-20 ൽ ലഭിച്ച അപേക്ഷകൾ18-19 ന്റെ തുടർച്ചയായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ക്രമ നം. 75 മുതൽ തുടർന്നുള്ള 25 പേരുടെ അപേക്ഷ

ലഭിച്ചതീയതി, പേര് എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. 16.01.2020 ൽ ലഭിച്ച അപേക്ഷയാണ് രജിസ്റ്ററിൽ അവസാനമായി ഉൾപ്പെടുത്തിയിരിക്കുന്നത്

3. വാർദ്ധക്യകാല പെൻഷൻ- അപേക്ഷരജിസ്റ്റർ പൂർണ്ണമല്ല. ഒരുമാസത്തെ രേഖപ്പെടുത്തൽ മാത്രമാണ് ഉള്ളത്
4. വികലാംഗ പെൻഷൻ- ക്രമനം. 240 ന്ശേഷം ക്രമ നം.24 മുതലുള്ള നമ്പറാണ് ഇട്ടിരിക്കുന്നത്. ക്രമ നം.186 മുതൽ അപേക്ഷ നമ്പറും, പേരും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. രജിസ്റ്ററിൽ അവസാനമായി ഉൾപ്പെടുത്തിയിരിക്കുന്നത് 7.11.2019 ലെ അപേക്ഷയാണ്
5. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം- ഫയലും അനുബന്ധരജിസ്റ്ററും ഹാജരാക്കിയില്ല
6. 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ- രജിസ്റ്റർ ഹാജരാക്കിയില്ല

രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിന് വിശദീകരണമാവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി 40) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കാത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതുമാണ്.

<u>1-7-2 തൊഴിൽരഹിത വേതനം- രജിസ്റ്റർ സൂക്ഷിപ്പ് ക്രമപ്രകാരമല്ല</u>

1. തൊഴിൽരഹിത വേതനരജിസ്റ്റർ പ്രകാരം ഈ ഇനത്തിലെ ചെലവ് 406320/- രൂപയാണ്. എന്നാൽ അക്കൗണ്ട്സ് പ്രകാരമുള്ള വരവ്/ചെലവ് 564000/- രൂപയാണ്. അലോട്ട്മെന്റ് പ്രകാരം ലഭിച്ച തുകയിൽ ചെലവഴിക്കാതെ ചെലാൻ പ്രകാരം തിരിച്ചടച്ച 157860/- രൂപ കൂടി ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.
2. വേതനരജിസ്റ്റർ പ്രകാരം റോൾ നം.1497 മുതൽ 1560 വരെയുള്ള അപേക്ഷകരുടെ ജനനത്തീയതി രേഖപ്പെടുത്തുകയോ, ഏത് തീയതിവരെ വേതനത്തിന് അർഹതയുണ്ടെന്ന കോളത്തിൽ രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. മേൽ റോൾ നമ്പറുകളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർക്ക് തൻവർഷം വേതനം നൽകിയിട്ടുണ്ട്. ടി വ്യക്തികൾക്ക് വേതനത്തിന് അർഹതയുണ്ടോയെന്നുള്ളതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.
3. വേതനവിതരണ രജിസ്റ്റർ പ്രകാരം റോൾനം.1183 – Soumya.S ന് 12/18 മുതൽ 5/19 വരെയുള്ള വേതനം നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം റോൾനം.1183 ശ്രീമതി ശ്രീല.ഒ.പിയാണ്
4. 29.08.2019 ന് വേതനം കൈപ്പറ്റിയിട്ടുള്ള ശ്രീ.ഷിജുകുമാർ.എം.പി യുടെ റോൾ നം. വിതരണരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടിയാന് വേതനത്തിന് അർഹതയുണ്ടോയെന്നുള്ളത് പരിശോധിക്കാൻ കഴിയുന്നില്ല
5. 29.08.2019 ന് വേതനം കൈപ്പറ്റിയ ക്രമ നം.23- വിദ്യ.എസ്, ക്രമനം.24- വീണ.എസ് എന്നിവർക്ക് ഒരേ റോൾനമ്പറാണ് നൽകിയിരിക്കുന്നത്(റോൾ നം. 2019). എന്നാൽ വേതനരജിസ്റ്റർ പ്രകാരം ടി റോൾ നം. വിദ്യ.എസ് ആണ്

രജിസ്റ്ററിലുള്ള അപാകത പരിഹരിച്ച് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

<u>1-8 ക്യാഷ് പരിശോധന</u>

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ളക്യാഷ്

ബാലൻസ് പരിശോധന 16.03.21 2.30 Pmന് സ്ഥാപനമേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 201564 രൂപയുടെ ക്യാഷ് ബാലൻസ് ഉണ്ടെന്ന ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിൽ കുറച്ചുകൂടി കൃത്യത പാലിക്കേണ്ടതാണ്.

- ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനത്തിന്റെയും സംക്ഷിപ്തങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല.
- 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.
- പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ 2019-20ൽ കൃത്യമായി യോഗം ചേർന്നിട്ടില്ല. പുതിയ പദ്ധതി നിർദ്ദേശങ്ങളല്ലാതെ വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായി രേഖകൾ പ്രകാരം ഇല്ല.

## 1-10 അഗതിരഹിതകേരളം പദ്ധതി. ( പ്രോജക്ട് നം.54/19-20)

നിർവ്വഹണം.- അസി.സെക്രട്ടറി.

അടങ്കൽ -500200.

ചെലവ് --500200.(ബിൽനം.2/ A2-54/19-20/28.09.19.)

അഗതികേരളം പദ്ധതി നടത്തിപ്പിനായി വികസനഫണ്ടിൽ നിന്നും 500200 രൂപ പിൻവലിച്ച് അരുവിക്കര സി.ഡി.എസ് ന്റെ 6695103705 നം. അക്കൗണ്ടിലേയ്ക്ക് (ഇൻഡ്യൻ ബാങ്ക് )നൽകിയിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന തീയതി മുതൽ മൂന്നു വർഷത്തിനുള്ളിലാണ് പദ്ധതി നടപ്പിലാക്കേണ്ടത്. തുകയുടെ വിനിയോഗം നടക്കുന്ന മുറയ്ക്ക് വിനിയോഗരേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-11 പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഹാജരാക്കിയില്ല

ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പ് , തദ്ദേശഭരണ സ്ഥാപനങ്ങൾ, ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സന്നദ്ധ സംഘടനകൾ എന്നീ മൂന്ന് വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതാണ് പാലിയേറ്റീവ് പരിചരണ നയത്തിന്റെ ലക്ഷ്യം. എല്ലാ പഞ്ചായത്തുകളും പാലിയേറ്റിവ് പരിചരണത്തിനും ഹോം കെയറിനുമായി നിർബന്ധമായും പ്രോജക്ട് ആവിഷ്കരിക്കേണ്ടതാണ്. അരുവിക്കര പഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണം(S0065/2020) പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന രേഖകൾ ഓഡിറ്റ് എൻക്വയറി നം -27 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമായില്ല

1.പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗങ്ങളുടെ മിനിട്ട്സ്

2.ഹോം കെയർ രജിസ്റ്റർ

3.സംഭാവനയായി ലഭിച്ച സാധനസാമഗ്രികൾക്കായുള്ള സ്റ്റോക്ക് രജിസ്റ്റർ

4.സാധനങ്ങൾ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ

5.മോണിറ്ററിംഗ് റിപ്പോർട്ട്.

പാലിയേറ്റീവ് കെയർ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുകയുംപരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

## 1-12 പി.എച്ച്.സിയ്ക്ക് മരുന്ന് ലഭിച്ചില്ല - 379618/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം - S0058/20

പ്രോജക്റ്റിന്റെ പേര് - അവശ്യമരുന്നുകൾ വാങ്ങൽ

അടങ്കൽ തുക -1582200/-(മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം)

ചെലവായതുക - 1582200/-(മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം)

ബിൽ നം/ തീയതി - 1/2019-20 തീ.15/05/19

ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് തടസ്സമില്ലാതെ മരുന്ന് ലഭിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 24/04/19-ലെ PRF42 നമ്പർ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ നൽകുന്നതിനായി 1582200/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമായ രേഖകൾ പ്രകാരം 1202582/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ബാക്കി 379618/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7-ന് മറുപടി ലഭ്യമായില്ല. മാത്രമല്ല രോഗികൾക്ക് ആവശ്യമായ മരുന്നുകൾ തടസ്സമില്ലാതെ ലഭിക്കുന്നുവെന്ന് ആരോഗ്യവിദ്യാഭ്യസ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പ് വരുത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല.

379618/-രൂപയുടെ രൂപയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുക തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-13 ക്യാൻസർ രോഗനിർണ്ണയ പരിപാടി - രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല -17140/- രൂപ തടസ്സം

പ്രോജക്റ്റ് നം - S0063/20

പ്രോജക്റ്റിന്റെ പേര് - ക്യാൻസർ രോഗനിർണ്ണയ പരിപാടി

അടങ്കൽ തുക –17140/-(മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം)

ചെലവായതുക –17140/- (മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം)

ബിൽ നം/ തീയതി - 15/2019-20 തീ. 25.10.19 9640/- രൂപ

32/2019-20 തീ. 13.02.20 7500/- രൂപ

പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ ക്യാൻസർ രോഗം നേരത്തേ കണ്ടുപിടിക്കുന്നതിനായി രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ കാൻസർ രോഗനിർണ്ണയ ക്യാമ്പിൽ പങ്കെടുക്കുന്നതിനുള്ള കൺസൾട്ടേഷൻ ഫീസായി RCC-യ്ക്ക് 9640/-രൂപയും ക്യാൻസർ ബോധവൽക്കരണ നോട്ടീസ് അച്ചടിക്കുന്നതിനായി 7500/- രൂപ കെ.ജി, പ്രസ്സ് എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്.

ക്യാൻസർ ബോധവൽക്കരണം, കാൻസർ രോഗലക്ഷണമുള്ളവരെ കണ്ടെത്തൽ, കാൻസർ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കൽ എന്നിവയാണ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിച്ച പ്രവർത്തനങ്ങൾ. 16/10/2019-ൽ RCC-യുടെ സഹായത്തോടെ കാൻസർ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ക്യാമ്പിൽ എത്ര പേർ പങ്കെടുത്തുവെന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.മാത്രമല്ല കാൻസർ ബോധവൽക്കരണത്തിനായി നടത്തിയ പ്രവർത്തനങ്ങളുടെയും കാൻസർ രോഗലക്ഷണമുള്ളവരെ കണ്ടെത്തിയതിന്റെയും രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7-ന് മറുപടി ലഭ്യമായില്ല. ആയതിനാൽ ചെലവ് തുകയായ 17140/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 പകർച്ചവ്യാധി നിയന്ത്രണ പരിപാടി( S0149/2020)

പ്രോജക്റ്റ് നം - S0149/20

പ്രോജക്റ്റിന്റെ പേര് - പകർച്ചവ്യാധി നിയന്ത്രണ പരിപാടി

അടങ്കൽ തുക –100000/-(മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം)

ചെലവായതുക –100000/- (മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം)

ബിൽ നം/ തീയതി - 16/2019-20 തീ.5/9/2019 13200/- രൂപ

20/2019-20 തീ. 23/12/2019 24349/- രൂപ

21/2019-20 തീ. 23/12/2019 25800/- രൂപ

22/2019-20 തീ. 23/12/2019 30477/- രൂപ

23/2019-20 തീ. 23/12/2019 6174/- രൂപ

പഞ്ചായത്തിലെ ചെള്ള് പനി,ഡെങ്കിപ്പനി,എലിപ്പനി എന്നിവ നിയന്ത്രിക്കുന്നതിനുള്ള ജാഗ്രതാ പ്രവർത്തനങ്ങൾ, AEDES കൊതുകിന്റെ സാന്ദ്രത കൂടുന്നതനുസരിച്ച് ഫോഗിംഗ് നടത്തുക, ആരോഗ്യ സേനയ്ക്കുള്ള പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം വോളന്റീയർമാർക്ക് വീടുകൾ സന്ദർശിക്കുന്നതിനായി 86800/- രൂപയും നോട്ടീസും സർവ്വേ ഫോമും അച്ചടിക്കുന്നതിനായി കെ.ജി, പ്രസ് ,നെടുമങ്ങാട് എന്ന സ്ഥാപനത്തിന് 13200/- രൂപയും നൽകിയിട്ടുണ്ട്.

എന്നാൽ പകർച്ചവ്യാധി നിയന്ത്രണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ , വോളന്റീയർമാർ വീടുകൾ സന്ദർശിച്ചുവെന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ, ഡെങ്കി പനിയുടെ കണക്ക്, AEDES കൊതുകിന്റെ സാന്ദ്രത എന്നിവ മാസത്തിലൊരിക്കൽ

വാർഡ് അടിസ്ഥാനത്തിൽ പരിശോധിച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് എൻക്വയറി നം.7 പ്രകാരം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതി നടത്തിപ്പ് വാർഡ് അടിസ്ഥാനത്തിൽ ആരോഗ്യവിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 100000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 പകർച്ചവ്യാധി നിയന്ത്രണ പരിപാടി - രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല -100000/- രൂപ തടസ്സം

പ്രോജക്ട് നം - S0064/20

പ്രോജക്റ്റിന്റെ പേര് - പകർച്ചവ്യാധി നിയന്ത്രണ പരിപാടി

അടങ്കൽ തുക -100000/-(മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം)

ചെലവായതുക -100000/- (മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം)

ബിൽ നം/ തീയതി - 39/2019-20 തീ.16.03.20 47105/- രൂപ

40/2019-20 തീ. 16.03.20 48865/- രൂപ

47/2019-20 തീ. 27.03.20 4030/- രൂപ

കൊതുകുകളുടെ സാന്ദ്രതാ പഠനം, ശുചിത്വമാപ്പിംഗ്, ഉറവിട നശീകരണം, ബോധവൽക്കരണം, നിയമ നടപടികൾ സ്വീകരിക്കൽ തുടങ്ങിയവയിലൂടെ പകർച്ചവ്യാധി നിയന്ത്രണം ലക്ഷ്യമിട്ടു നടപ്പിലാക്കിയ പദ്ധതിയിൽ വോളന്റിയർമാർക്ക് വീടുകൾ സന്ദർശിക്കുന്നതിനും ലഘുഭക്ഷണത്തിനുമായി 65000/- രൂപയും ഫോഗിംഗിനായി The Clayton എന്ന് സ്ഥാപനത്തിന് 35000/- രൂപ നൽകിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത സ്ഥാപനത്തെ ഫോഗിംഗിനായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, കമ്മറ്റി തീരുമാനം, പ്രസ്തുത സ്ഥാപനവുമായി ഏർപ്പെട്ട കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. കൊതുകുകളുടെ സാന്ദ്രതാ പഠനം, ശുചിത്വമാപ്പിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തിയതിന്റെയും രേഖകൾ ലഭ്യമല്ല. മാത്രമല്ല പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ വിവിധ പകർച്ചവ്യാധികളുടെ സാന്ദ്രത പരിശോധിച്ചതിന്റെ ആരോഗ്യവിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായില്ല.ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7-ന് മറുപടി ലഭ്യമായില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 100000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 115395/- രൂപയുള്ള ഉപകരണങ്ങൽ,മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ തുക തടസ്സത്തിൽ വെയ്ക്കുന്നു.

പാലിയേറ്റീവ് പരിചരണം(S0065/2020) പദ്ധതി പ്രകാരം700000/-(600000 (വികസനഫണ്ട്) +100000()ബ്ളോക്ക് വിഹിതം) രൂപ വകയിരുത്തിയതിൽ 699999/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഉപകരണങ്ങൾ,മരുന്നുകൾ ലഭിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ടെങ്കിലും എല്ലാം ലഭ്യമായിട്ടില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1.ബിൽ നം.6/19-20 തീ.7/8/2019 പ്രകാരം 24999/- കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.വീൽ ചെയർ(1), വാട്ടർ ബെഡ്(3),എയർ ബെഡ്(1),വാക്കിംഗ് സ്റ്റിക്ക്(4), വാക്കർ (5),ഗ്ളൂക്കോമീറ്റർ സ്ട്രിപ്പ്(14),Lancet(782) എന്നിവ ലഭ്യമാക്കുന്നതിനായിട്ടാണ് നൽകിയിട്ടുള്ളത്. പ്രസ്തുത തുകയ്ക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് ലഭിച്ച സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | തുക | ലഭിച്ച സാധനങ്ങൾ |
|---|---|---|
| 9219 തീ10.2.19 | 4992 | വാട്ടർ ബെഡ്(3)<br>എയർ ബെഡ്(1) |
| 9855 തീ.17.1.19 | 15352 | വാക്കിംഗ് സ്റ്റിക്ക്(4)<br>വാക്കർ (5)<br>ഗ്ളൂക്കോമീറ്റർ സ്ട്രിപ്പ്(14)<br>Lancet(700) |

ബാക്കി 4655/- രൂപയ്ക്ക് സാധനങ്ങൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമായില്ല.

2. താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.

| ബിൽ നം./തീ | പ്രൊഫോമ ഇൻവോയിസ് നം. | തുക |
|---|---|---|
| 29/19-20 തീ.7.02.20 | PRF3853 തീ.13.01.20 | 95740/- |
| 35/19-20 തീ.16.03.20 | PRF3853തീ.14.02.20 | 15000/- |

പ്രസ്തുത മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമായില്ല. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -27 ന് മറുപടി ലഭിച്ചില്ല. 115395/- രൂപയുടെള്ള ഉപകരണങ്ങൾ, മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുക തടസ്സത്തിൽ വയ്ക്കുന്നു. ആയത് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-17 പദ്ധതി ആസൂത്രണത്തിലെ അപാകത -തുക മുഴുവൻ ചെലവായില്ല

പദ്ധതി ആസൂത്രണത്തിലെ അപാകത -തുക മുഴുവൻ ചെലവായില്ല

കൃഷിഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കിയില്ല.

1.ജലശ്രീ കിണർ റീചാർജ്ജിംഗ്(SO019/2020)

പഞ്ചായത്തിലെ 50 കിണർ റീചാർജ്ജിംഗിനായി നടപ്പിലാക്കിയ പദ്ധതിയിൽ 400000/- രൂപ അടങ്ങൽ തുകയായി വകയിരുത്തിയതിൽ 180000/-രൂപ വികസനഫണ്ടും,72000/- രൂപ ബ്ളോക്ക് പഞ്ചായത്ത് വിഹിതവും 108000/- ജില്ലാപഞ്ചായത്ത് വിഹിതവുമാണ്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം 25650/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. (12825/- രൂപവികസനഫണ്ടും, 5130/-രൂപ ബ്ളോക്ക് പഞ്ചായത്ത് വിഹിതവും,7695/- രൂപ ജില്ലാപഞ്ചായത്ത് വിഹിതവുമാണ്).50 കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനായിട്ടാണ് തുക വകയിരുത്തിയതെങ്കിലും 4കിണറുകൾ മാത്രമേ റീചാർജ്ജ് ചെയ്തിട്ടുള്ളൂ. പഞ്ചായത്തിലെ 23/1/2020ലെ 1(5) നമ്പർ തീരുമാന പ്രകാരം 26 ഗുണഭോക്താക്കളെ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. 50 പേർക്കായി വിഭാവനം ചെയ്ത പദ്ധതിയിൽ 26 ഗുണഭോക്താക്കളെ മാത്രം അംഗീകരിക്കുകയും 4 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുകയുമാണ് ഉണ്ടായത്. പഞ്ചായത്ത് ,ജില്ലാ ,ബ്ളോക്ക് സംയുക്തമായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ബ്ളോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകിയിതിന്റെ രേഖകൾ ലഭ്യമായില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 13 നുള്ള മറുപടിയിൽ 2018,19 വർഷങ്ങളിൽ ഉണ്ടായ പ്രളയം കിണറുകളിൽ ജലലഭ്യത ഉണ്ടാക്കിയെന്നും ആയതിനാൽ ഗുണഭോക്താക്കളെ കിട്ടാത്തതിനാലും അപേക്ഷ സമർപ്പിച്ച പലരും പിൻമാറിയതിനാലുമാണ് പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തതെന്ന് അറിയിച്ചിരിക്കുന്നു.

2. ഹരിത കേരള മിഷൻ-ഹരിത ഭവനം (SO020/2020)

പഞ്ചായത്തിലെ 24 വീടുകൾ ഹരിത ഭവനമായി മാറ്റുന്നതിന് നടപ്പിലാക്കിയ പദ്ധതിയിൽ 545760/- രൂപ അടങ്കൽ തുകയായി വകയിരുത്തിയതിൽ 168000/-രൂപ വികസനഫണ്ടും,168000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും 209760/- ഗുണഭോക്തൃ വിഹിതവുമാണ്.എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം 194220/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. (91000/- രൂപവികസനഫണ്ടും, 91000/-രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും,12220/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്). പഞ്ചായത്തിലെ 23/1/2020ലെ 1(5) നമ്പർ തീരുമാന പ്രകാരം 34 ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ട്. 24 വീടുകൾ ഹരിത ഭവനമായി മാറ്റുന്നതിന് വിഭാവനം ചെയ്ത പദ്ധതിയിൽ 13 ഗുണഭോക്താക്കൾക്ക് മാത്രമാണ് പ്രയോജനം ലഭിക്കുകയുമാണ് ഉണ്ടായത്. പഞ്ചായത്ത് ,ജില്ലാ സംയുക്തമായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാപഞ്ചായത്ത് വിഹിതം സ്ഥാപനത്തിന് തിരികെ നൽകിയിതിന്റെ രേഖകൾ ലഭ്യമായില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 13 നുള്ള മറുപടിയിൽ പ്രസ്തുത പദ്ധതിയിൽ കിണർ റീചാർജ്ജിംഗ് മുഖ്യഘടകമായതിനാലും കിണർ റീചാർജ്ജിംഗിന് ഗുണഭോക്താക്കൾക്ക് താല്പര്യമില്ലാത്തതിനാലുമാണ് പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തതെന്ന് അറിയിച്ചിരിക്കുന്നു.

3.ഫലവൃക്ഷ കൃഷി വികസനം(SO021/2020)

പഞ്ചായത്തിലെ 500 ഗുണഭോക്താക്കൾക്ക് ഫലവൃക്ഷ കൃഷി ചെയ്യുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ 400000/- രൂപ അടങ്കൽ തുകയായി വകയിരുത്തിയതിൽ 487500/-രൂപ വികസനഫണ്ടും,162500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്.എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം 325000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. (243750/-രൂപ വികസനഫണ്ടും, 81250/-രൂപ ഗുണഭോക്തൃ വിഹിതവുമാണ്).പഞ്ചായത്തിലെ 13.06.2019ലെ 1(7) നമ്പർ തീരുമാന പ്രകാരം 295 ഗുണഭോക്താക്കളെ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. 250 ഗുണഭോക്താക്കൾക്ക് മാത്രമാണ് പ്രയോജനം ലഭിച്ചത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 25 നുള്ള മറുപടിയിൽ ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ ഗുണഭോക്താക്കൾക്ക് താല്പര്യമില്ലാത്തതിനാലാണ് പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തതെന്ന് അറിയിച്ചിരിക്കുന്നു.

കൃഷിയും അനുബന്ധമേഖലയും വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധിച്ചതിൽ ജലശ്രീ കിണർ റീചാർജ്ജിംഗ്,ഹരിത ഭവനം എന്നിവ24.01.2019-ലെ വികസനസെമിനാർ നിർദ്ദേശങ്ങളിൽ ഉൾപെട്ടിട്ടില്ല.എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നൽകിയ പ്രോജക്റ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.സർക്കാർ

നിർദ്ദേശത്തിനനസൃതമായി(ജി.ഒ.(എം.എസ് ) നം.11/2018/തസവഭവ തീ29.01.2018)പദ്ധതി ആസൂത്രണം നടപ്പിലാക്കാത്തതാണ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമാവുന്നത്.

## 1-18 ആസ്തിപരിപാലനത്തിൽ അപാകത

1. 13.1.2010 ലെ സർക്കുലർ നമ്പർ 58608 / ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ നിന്ന് ലഭ്യമായ ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരവും റോഡ് കണക്റ്റിവിറ്റി മാപ്പുമാണ് ഉൾപ്പെട്ടിട്ടുള്ളത്. മറ്റ് ആസ്തികളുടെ വിവരങ്ങൾ കൂടി രേഖപ്പെടുത്തി തയ്യാറാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല.

3. 20.01.2017 ലെ ജി.ഒ (ആർ. ടി) നം. 166/2017/ എൽ.എസ്.ജി.ഡി ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെൻറ് മാന്വൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018 ൽ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി,ഡി അസി.എഞ്ചിനീയർ കൺവീനറും പ്രസിഡൻറ്/ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.പഞ്ചായത്തിൽ അത്തരത്തിൽ ഒരു കമ്മറ്റി രൂപീകരിച്ചിട്ടില്ല

മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ -30പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമായില്ല.ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആസ്തി പരിപാലനത്തിനായി സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ധനകാര്യസ്റ്റാറ്റിംഗ് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

1.തൊഴിൽ നികുതി രജിസ്റ്റർ, ഡി ആന്റ് ഓ രജിസ്റ്റർ,പെർമ്മിറ്റ് രജിസ്റ്റർ,വാടക,ലേലം കളക്ഷൻ രജിസ്റ്റർ, വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ എന്നിവയിൽ ഡിസിബി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

2. വാടക,ലേലം കളക്ഷൻ രജിസ്റ്റർ എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല,

3.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.വാർഡ് അടിസ്ഥാനത്തിലല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല,

4. ബിൽഡിംഗ് റെഗുലറൈസേഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5.രസീത് ബുക്ക് പ്രകാരമുള്ള വരവ് രേഖപ്പെടുത്തുന്ന കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

6.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് നൽകിയ തീയതി,പെർമിറ്റിന്റെ കാലാവധി,പെർമിറ്റ് നിരസിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -4,9,14,29 എന്നിവയ്ക്ക് മറുപടി ലഭിച്ചില്ല.

## 1-20 സൈറ്റ്പരിശോധനയുടെ അഭാവത്താൽ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ടിവരുന്നു

ജനറൽകമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 2019-20 ൽ അംഗീകാരം ലഭിച്ച ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ

എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | കമ്മിറ്റി തീരുമാനം |
|---|---|
| പ്രോജക്ട് നമ്പർ 222/19-20 കടമ്പനാട് എൽ.പി.എസ് മെയിന്റനൻസ് | 06.12.2019 |
| പ്രോജക്ടുകളായ 153/19-20 മൂഴി കല്ലുവരമ്പ് റോഡ് പുനരുദ്ധാരണം<br>151/2019-20 താഴെകൊണ്ണി കണ്ടായത്ത് കോണം ചൊവ്വള്ളൂർ റോഡ് | 18.11.2019 |

| | |
|---|---|
| പുനരുദ്ധാരണം | |
| പ്രോജക്ട് നമ്പർ 221/19-20 അരുവിക്കര എഫ് .എച്ച്. സി-ക്ക് ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കൽ | 18.11.2019 |
| പ്രോജക്ട് നമ്പർ 132/19-20 പഞ്ചായത്ത് കളിസ്ഥലത്തിന് ചുറ്റുമതിൽ നിർമ്മാണം | 18.11.2019 |
| പ്രോജക്ട് നമ്പർ 87/19-20 കരുനെല്ലിയോട് പാർശ്വ ഭിത്തി നിർമ്മാണം ഒറിജിനൽ എസ്റ്റിമേറ്റിൽ ടി | 17.10.2019 |
| പ്രോജക്ട് നമ്പർ 83/19-20 ഭഗവതിപുരം കടയറ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | 03.09.2019 |
| പ്രോജക്ട് നമ്പർ 100/19-20 മാവുക്കോണം , വലിയതുക്കോവിൽ റോഡ് കോൺക്രീറ്റിംഗ് , റീ-കോൺക്രീറ്റിംഗ് | 03.09.2019 |
| പ്രോജക്ട് നമ്പർ 98/19-20 ആല -ചാക്കത്തറ ചേമ്പുവിളാകം റോഡ് കോൺക്രീറ്റിംഗും പാർശ്വഭിത്തി നിർമ്മാണവും | 03.09.2019 |
| പ്രോജക്ട് നമ്പർ 169/19-20 കളത്തുകാൽ അങ്കണവാടി നിർമ്മാണം പൂർത്തീകരണം | 24.07.2019 |
| പ്രോജകട് നമ്പർ 79/19-20 കളത്രു പൊട്ടച്ചിറ കോളനി റോഡ് റീ-ടാറിംഗ് | 03.01.2020 |
| പ്രോജകട് നമ്പർ 80/19-20 കൊക്കോതമംഗലം കൊറ്റാമല കോളനി റോഡ് റീ-ടാറിംഗ് | 03.01.2020 |
| പ്രോജകട് നമ്പർ 206/19-20 മണമ്പൂര് കളിവിളാകം തടം സൈഡ് വാൾ നിർമ്മാണം | 03.01.2020 |
| പ്രോജകട് നമ്പർ 81/19-20 മൂഴിനട അങ്കണവാടി കോലിയാക്കോട് റോഡ് റീ ഡാറിംഗ് | 03.01.2020 |
| പ്രോജകട് നമ്പർ 193/19-20 കാഞ്ഞിരമൂട് കതളൂർമുട്ടം റോഡ് റീ ടാറിംഗ് | 23.01.2020 |
| പ്രോജകട് നമ്പർ 256/19-20 അരുവിക്കര പഞ്ചായത്ത് കളി സ്ഥലത്തിന് സൈഡ് ഡ്രെയിൻ നിർമ്മാണവും ആർച്ച് സ്ഥാപിക്കലും | 13.03.2020 |
| പ്രോജകട് നമ്പർ 213/19-20 മുള്ളിലവിൻമൂട് അറമ്പൻകോട്ടുകോണം റോഡ് കോൺക്രീറ്റിംഗ് | 13.03.2020 |
| പ്രോജക്ട് നമ്പർ 131/19-20 അരുവിക്കര പഞ്ചായത്ത് കളി സ്ഥലത്തിന് സൈഡ് ഡ്രെയിൻ നിർമ്മാണവും ആർച്ച് സ്ഥാപിക്കലും | 13.03.2020 |
| പ്രോജക്ട് നമ്പർ 131/19-20 സിദ്ധ ഡിസ്പെൻസറിക്ക് കെട്ടിട നിർമ്മാണം | 13.03.2020 |

പ്രോജക്ട് രൂപീകരണസമയത്ത് നിർവ്വഹണോദ്യോഗസ്ഥൻ സ്ഥലപരിശോധന കൃത്യമായി നടത്താത്തതിനാലാണ് ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യമുണ്ടാകുന്നതെന്ന് വ്യക്തമാകുന്നു. 2012 PWD Manual ഖണ്ഡിക 1601.1.1 ലെ നിർദേശങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ പാലിച്ചും കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിച്ചുകൊണ്ട് പ്രവൃത്തി നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ടെണ്ടർഫോം വില ഈടാക്കിയത്- രേഖകൾ ലഭ്യമാക്കിയില്ല

2019-20 ൽ അസി.എൻജിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ ഇ-ടെൻഡർ നടപടി സ്വീകരിച്ചവയുടെ വിശദാംശവും, ടെണ്ടർ ഫോറം വിലയിനത്തിൽ ലഭിച്ചതുകയുടെ വിശദാംശവും ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.5 ) ആയത് ലഭ്യമാക്കിയിട്ടില്ല. ഇ ടെണ്ടർ മുഖേ നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി നിർവഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഇ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ അക്കൗണ്ട് ആരംഭിച്ചതിനുശേഷം വരവുവന്ന തുക ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ടോയെന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ജില്ലാപഞ്ചായത്തൽ നിന്ന് ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ടിന്റെ പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 പകൽവീട് പ്രവർത്തനമാരംഭിക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്

പകൽവീട് നിർമ്മാണം രണ്ടാംഘട്ടത്തിനായി 2019-20 സാമ്പത്തികവർഷം പ്രോജകട് നം. 161/2019-20 പ്രകാരം 318989/- രൂപ ചെലവഴിച്ച് ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം

മുതൽ 2019-20സാമ്പത്തികവർഷം വരെ ആകെ 1917668/- രൂപ ചെലവഴിച്ചതായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറിനം.6). എന്നാൽ നാളിതുവരെ പകൽവീടിന്റെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഗ്രൗണ്ട്ഫ്ലോർ പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ടെന്നും, കെട്ടിടത്തിന്റെ പ്രവർത്തനമാരംഭിക്കുന്നതിന് സജ്ജമാക്കി താക്കോൽ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും മറുപടിനൽകയിട്ടുണ്ട്.

പ്രവർത്തനസജ്ജമായ പകൽവീടിന്റെ പ്രവർത്തനം കാലതാമസമില്ലാതെ ആരംഭിക്കാൻ തുടർനടപടി കൈക്കൊള്ളേണ്ടതാണ്.

## 1-23 ഇലക്ട്രിക്കൽ പ്രവൃത്തികൾ- ഗുണഭോക്തൃസമിതി വഴി നടപ്പാക്കി

പ്രോജക്ട് നം. 14/19-20 (കളത്തുകാൽ എൽ.പി.എസ്. മെയിന്റനൻസ്)

അടങ്കൽ - 5,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺറോഡ്)

ചെലവ് - 373194/- (ബിൽ നം. 9/28.10.2019)

കൺവീനർ - ശ്രീമതി ലക്ഷ്മി.ഇ

സാങ്കേതികമികവ് ആവശ്യമായ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പാക്കാതെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ലൈസൻസ് ഉള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖേന നടപ്പാക്കേണ്ടതാണെന്നും, ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കരുതെന്നും 13.11.2014 തീയതിയിലെ സർക്കുലർ നം. 1/10/2010/സി.ഇ./ ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കളത്തുകാൽ എൽ.പി.എസ്. മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ 281554/- രൂപ ചെലവിൽ ഇലക്ട്രിക്കൽ പ്രവൃത്തി ഉൾപ്പെടെയുള്ള സ്കൂൾ മെയിന്റനൻസ് ഗുണഭോക്തൃസമിതിവഴിയാണ് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിഫയലിനോടൊപ്പം മേൽ സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം തൊഴിലാളികളുടെ മസ്റ്റർ റോൾ സൂക്ഷിക്കുകയോ, വാങ്ങുന്ന സാധനം, വാടക, തൊഴിലാളികളുടെ വേതനം എന്നിവ സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന്(എൻക്വയറി നം.38) തിരുവനന്തപുരം ജില്ലാപഞ്ചായത്തിൽ നിന്നുള്ള ഇലക്ട്രിക്കൽ എ.ഇ. യുടെ മേൽനോട്ടത്തിൽ സാങ്കേതികമികവോടുകൂടിയാണ് ഇല്ക്ട്രിക്കൽ പ്രവൃത്തികൾ നടപ്പാക്കി വരുന്നതെന്നും ടി പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേനയാണെങ്കിൽ മസ്റ്റർറോൾ, സാധനങ്ങളുടെ ബിൽ എന്നിവ ഫയലിൽ ചേർക്കാറുണ്ടെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. മേൽപ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ, വാങ്ങിയ സാധനങ്ങൾ, വാടക, തൊഴിലാളികളുടെ വേതനം എന്നിവ സംബന്ധിച്ച കണക്കുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഗുണഭോക്തൃസമിതി വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ സർക്കുലർ നം. 1/10/2010/സി.ഇ./ ത.സ്വ.ഭ.വ തീ. 13.11.2014 ലെ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

## 1-24 മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്

പ്രോജക്ട് രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ സംബന്ധിച്ച് 29.01.2018 തീയതിയിലെ സ.ഉ(കൈ).11/2018/ ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖ.3-12 ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ അരുവിക്കര ഗ്രാമപഞ്ചായത്തിലെ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2019-20 ൽ ഒരു പ്രാവശ്യം മാത്രമേ ചേർന്നിട്ടുള്ളൂ. (2020-21വർഷത്തേക്കുള്ള പദ്ധതി നിർദ്ദേശങ്ങൾക്കായി). 2019-20 ലെ പദ്ധതിനിർവ്വഹണസമയത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗംചേർന്ന് നിർദ്ദേശങ്ങൾ നൽകിയതായോ, ഡി.പി.സി. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്ററിംഗ് നടത്തിയതായോ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ കാണുന്നില്ല. സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും പ്രകാരം വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച പ്രോജക്ടുകൾ- പൊതുഅപാകതകൾ

2019-20 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 114 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ (21 സ്പിൽ ഓവർ പ്രവൃത്തികളുൾപ്പെടെ ) ആകെ 33 പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 7 പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചു. ആകെ വകയിരുത്തിയ തുകയുടെ 27% മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. 78 പ്രവൃത്തികൾ 2020-21 ൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നം.93/19-20, 419/19-20 എന്നീ രണ്ട് പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിലും, കരാർ രജിസ്റ്ററിലും പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി സംബന്ധിച്ച രേഖകൾ (ടെണ്ടർ ഷെഡ്യൂൾ, പ്രവർത്തനകലണ്ടർ) ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

   കേരള പി.ഡബ്യൂ.ഡി.മാന്വലിൽ (G.O.(P)No.13/2012/PWD Dated 01.02.2012) പരാമർശിക്കുംപ്രകാരം കരാറിനൊപ്പം പ്രവൃത്തിപൂർത്തീകരണ വിവരം കൂടി ഉൾപ്പെടുത്തേണ്ടതാണ്.

2. ആസ്തി രജിസ്റ്ററിൽ റോഡിന്റെ വിശദാംശവും, റോഡ്കണക്റ്റിവിറ്റിമാപ്പും മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. ആയത് കാലികമാക്കിയിട്ടില്ല. കൂടാതെ നോൺറോഡ് ആസ്തികൾ ഉൾപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
   2019-20 വരെയുള്ള കാലയളവിലെ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, R.Track സംവിധാനം ഉപയോഗപ്പെടുത്തി ആസ്തിരജിസ്റ്റർ Upgrade ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതും, നോൺറോഡ് ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.
3. 28.10.2005 ലെ ജി.ഒ(പി)നം.46/2005/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിക്കുംപ്രകാരമുള്ള റ്റി.ആർ.7 എ ഫോർമാറ്റിലുള്ള ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല

പ്രവൃത്തികൾ പ്രൊജക്റ്റ് നിർവ്വഹണകലണ്ടർ പ്രകാരം പൂർത്തീകരിക്കേണ്ടതും, രേഖകളും രജിസ്റ്ററുകളും കൃത്യമായും സൂക്ഷിക്കേണ്ടതുമാണ്.

## 1-26 വാട്ടർഅതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനുമതിയില്ലാതെ റോഡ് നിർമ്മാണം

പ്രോജക്റ്റ് നം. - 91/19-20 (മരുതംകോട്- കുന്നംപുറം റോഡ്)

അടങ്കൽ - 5,00,000/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് - 406134/- (ബിൽ നം. 22/25.02.2020)

എം-ബുക്ക് നം. - 12/19-20

മരുതംകോട്- കുന്നംപുറം മണ്ണ് റോഡ് കോൺക്രീറ്റ് എന്ന പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത റോഡ് വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പ്രദേശത്തുകൂടിയുള്ളതായതിനാൽ വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പ്രവൃത്തി നടപ്പാക്കാൻ വാട്ടർ അതോറിറ്റി എക്സി. എൻജിനീയരുടെ അനുമതിക്കായി പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്(16.11.2019 ലെ A2/7397/19 നം. കത്ത്). വാട്ടർ അതോറിറ്റിയുടെ ആവശ്യങ്ങൾക്ക് റോഡ് ഏതുസമയത്തും ഉപയോഗിക്കാമെന്നും, വാട്ടർ അതോറിറ്റിയുടെ അറ്റകുറ്റപ്പണികൾക്ക് തടസ്സമാകുന്നപക്ഷം മുന്നറിയിപ്പില്ലാതെ ഗതാഗതം തടസ്സപ്പെടുത്തുന്നതിനും, കോൺക്രീറ്റ് മാറ്റുന്നതിനുള്ള പൂർണ്ണ അധികാരം വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാണെന്ന ഉറപ്പും കത്തുപ്രകാരം നൽകുന്നുണ്ട്. എന്നാൽ വാട്ടർഅതോറിറ്റിയിൽ നിന്ന് റോഡ് കോൺക്രീറ്റിംഗിന് അനുമതിലഭിക്കുകയോ, പ്രസ്തുതറോഡ് പഞ്ചായത്തിന് വിട്ടുനൽകുകയോ ചെയ്തിട്ടില്ല. വാട്ടർ അതോറിറ്റിക്ക് എന്തെങ്കിലും ആവശ്യമുള്ള പക്ഷം പഞ്ചായത്ത് ചെലവിൽ റോഡ് പൊളിച്ചുമാറ്റിത്തരും എന്ന വ്യവസ്ഥയിൽ എഗ്രിമെന്റ് വച്ചശേഷം അനുവാദം നൽകാമെന്ന് ശുപാർശചെയ്യുന്ന വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എൻജിനീയരുടെ നോട്ട് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ആസ്തിയിൽ ഏത് സമയത്തുവേണമെങ്കിലും വാട്ടർ അതോറിറ്റിക്ക് പൊളിച്ചുമാറ്റാൻ അനുമതി നൽകി റോഡ് നിർമ്മിച്ചതിന്റെ ആവശ്യകത, റോഡ് ഉപയോഗം സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തിയതിന്റെ വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത പ്രവൃത്തിമുഖേന ഏകദേശം 30 കുടുബങ്ങൾക്ക് ഗുണം ലഭിക്കുമെന്ന് എസ്റ്റിമേറ്റ് തയ്യാറാക്കിയവേളയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് രേഖകൾ സൂക്ഷിച്ചിട്ടില്ലായെന്നും, ടി റോഡിന്റെ ആരംഭഭാഗത്ത് ഏകദേശം 20 മീറ്റർ മാത്രമാണ് വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

റോഡിന്റെ തുടർപരിപാലനം എപ്രകാരമാണെന്ന് വ്യക്തമല്ല. വാട്ടർ അതോറിറ്റിയുടെ അനുമതിയില്ലാതെ തികച്ചും ഒരു താൽക്കാലിക ആസ്തിസൃഷ്ടിക്കാനായി വാട്ടർ അതോറിറ്റിയുടെ ഭൂമിയിൽ ഇപ്രകാരം 406134/- രൂപ ചെലവഴിച്ച് റോഡ് നിർമ്മിച്ച നടപടി അംഗീകരിക്കാവുന്നതല്ല. ഈ വിഷയത്തിൽ കൂടുതൽ വിശദീകരണം ആവശ്യമാണ്.

## 1-27 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

| പദ്ധതിയുടെ പേര് | ശിശുസൗഹൃദ പഞ്ചായത്ത് |
|---|---|
| പദ്ധതിയുടെ നമ്പർ | 31 /19-20 |
| അടങ്കൽ | 100000 (വികസനഫണ്ട്)<br>50000(ജില്ലാ പഞ്ചായത്ത്)<br>ആകെ-150000 രൂപ. |
| ചെലവ്. | 40068(വി.ഫ) |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവസർ |

ശിശുസൗഹൃദപഞ്ചായത്ത് പദ്ധതി നടത്തിപ്പിനായി വികസനഫണ്ടിൽനിന്നും 5 ബില്ലുകൾ പ്രകാരം 40068 രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ടി.പദ്ധതി പ്രകാരം രക്ഷിതാക്കൾക്ക് ബോധവൽക്കരണക്ലാസ് നടത്തിയതിന് ചൈൽഡ് ലൈൻ

കോ-ഓർഡിനേറ്റർ ആയ ശ്രീ.കിരൺദാസിന് ഒരു ക്ലാസ്സിന് 750 രൂപ നിരക്കിൽ ആകെ 8250 രൂപ നൽകിയിട്ടുണ്ട്. കുട്ടികൾക്കായി ഏറ്റെടുക്കാവുന്ന ചെലവിനങ്ങളിൽ ഈയിനം ഉൾപ്പെടുന്നില്ല.

പദ്ധതി പ്രകാരം നടത്തിയ

ആകെ ചെലവിനങ്ങൾ താഴെ കൊടുക്കുന്നു.

മൈക്ക്,ഫോട്ടോ, ബാനർ എന്നിവ --4868 രൂപ.

ബാലസഭ നോട്ടീസ്. --4000 രൂപ

ഭക്ഷണച്ചെലവ് ---22950

കിരൺദാസ്. --8250

ബാലസഭ നോട്ടീസിനു 4000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാലസഭയുടെ മിനിട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾക്ക് പദ്ധതിപ്പണം ചെലവു ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36)മറുപടി ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. വികസനഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ ചെലവുകൾ പദ്ധതിമാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മുൻവകാല ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ - തുടർനടപടി സ്വീകരിച്ചിട്ടില്ല

മുൻകാല ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും വിവിധ വിഷയങ്ങളിലെ അപാകതകൾ തുടർനടപടി സ്വീകരിക്കാതെ തൻവർഷവും നിലനിൽക്കുന്നു. ചില ഉദാ. ചുവടെ പരാമർശിക്കുന്നു.

1. മൂന്ന് മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച് മുൻറിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നിട്ടും ഇതിൽ രണ്ടെണ്ണത്തിൽ(വാർഡ് 13 ലെ Reliance Communications, വാർഡ് 19 ലെ Reliance Infratel Ltd ) നിന്ന് നാളിതുവരെ കുടിശ്ശിക ഈടാക്കിയിട്ടില്ല.
2. ഇ-ടെണ്ടർ ഫോറത്തിന്റെ വില/ടെണ്ടർ ഫീസ് വിവരങ്ങൾ എന്നിവ സംബന്ധിച്ച് വിശദാംശം മുൻവർഷത്തേപ്പോലെ(ഖ.1-19) തൻവർഷവും ലഭ്യമാക്കിയിട്ടില്ല. ജില്ലാപഞ്ചായത്ത് എക്സി. എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റുചെയ്തിട്ടുള്ള തുക തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല.
3. ലോഗ്ബുക്കിലെ അപാകത സംബന്ധിച്ച് (ഖ.1-25) മുൻറിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നിട്ടും ആയതെല്ലാം പരിഹരിച്ചിട്ടില്ല(ഇന്ധനം നിറയ്ക്കുന്ന സമയത്തെ വിവരങ്ങൾ, പുകപരിശോധന മുതലായവ).
4. മുൻഓഡിറ്റ് റിപ്പോർട്ടിൽ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ട്(വെറ്ററൻസ് മീറ്റ്) നടപ്പാക്കിയത് സംബന്ധിച്ച് പരാമർശമുണ്ടായിരുന്നിട്ടും(ഖ.1-43) തൻവർഷവും പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്

   വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതും സ്വീകരിച്ച നടപടിയുടെ വിശദാംശം ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## 1-29 ഫയലുകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഡയറി ഫാം ഇൻസ്ട്രക്ടർ ആകെ 2570000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്കായി ഫയലുകൾ ഹാജരാക്കിയില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ക്ഷീരസമൃദ്ധി--പാലിനു സബ്സിഡി.( പ്രോ.നം.7/19-20)

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്--പൊതുവിഭാഗം-സാധാരണവിഹിതം | 849100 | 849100 |
| തനതുഫണ്ട് | 150900 | 150900 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 500000 | 500000 |

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 70000 | 70000 |
| ആകെ | 1570000 | 1570000 |

2. കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (ജന.)

പ്രോ.നം.(8/19-20)

അടങ്കൽ--- 500000 (വികസനഫണ്ട്--പൊതുവിഭാഗം- സാധാരണവിഹിതം)

ചെലവ് -- 500000

3.കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (വനിത)

(പ്രോ.നം.9/19-20)

അടങ്കൽ--- 500000 (വികസനഫണ്ട്--പൊതുവിഭാഗം- സാധാരണവിഹിതം)

ചെലവ് -- 500000

ചെലവുരേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആകെ ചെലവായ 2570000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.-22300/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര്. | വെറ്ററൻസ് മീറ്റ് |
| പദ്ധതി നമ്പർ | 25/19-20. |
| അടങ്കൽ | 40000 (വികസനഫണ്ട്) |
| ചെലവ് | ബിൽനം./തീയതി.-<br>27/24.12.19 -- 11400/-<br>32/20.01.20 –3150/-<br>33/20.01.20 --4950 /-<br>43/24.03.20 -2800 /-<br>ആകെ - -22300/- |
| നിർവ്വഹണം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

പദ്ധതിനടത്തിപ്പിന്റെ ഭാഗമായി വയോജനങ്ങൾക്ക് കലാകായിക മൽസരങ്ങൾ സംഘടിപ്പിച്ചതിലേയ്ക്കായി 22300 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സഉ.(കൈ)നം.22/18 തസ്വഭവ തീയതി.14.02.18 ഖണ്ഡിക 7.1.13 പ്രകാരം ടി പദ്ധതിക്ക് വികസനഫണ്ടിൽ നിന്നും ചെലവു നടത്തുന്നത് അനുവദനീയമല്ല. ഇപ്രകാരം ഉൽപ്പാദനപരമല്ലാത്ത പദ്ധതിക്ക് വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/ 18.03.21)മറുപടിയായി പഞ്ചായത്തു കമ്മിറ്റി തീരുമാനം,ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം എന്നിവയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് നിർവ്വഹണഉദ്യോഗസ്ഥ മറുപടി നൽകി.ഈ മറുപടി അംഗീകരിക്കാൻ സാധിക്കുകയില്ല.ആയതിനാൽ ടി പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 22300 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധ വർഷം മുതലുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ്

മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. 15.03.2021 ൽ നൽകിയ 15 നമ്പർ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ 2019-20 സാമ്പത്തിക വർഷം 09 മൊബൈൽ ടവറുകൾ പ്രവർത്തിച്ചിരുന്നതിൽ രണ്ടെണ്ണത്തിന മാത്രമാണ് വസ്തുനികുതി കുടിശ്ശികയുള്ളതെന്ന വ്യക്തമാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റ പേര് | വാർഡ് നമ്പർ | കെട്ടിട നമ്പർ | 2019-20ൽ നിർണ്ണയിച്ച വസ്തുനികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| Reliance Communications Ltd | 13 | 277/2 | 15120 | 2018- 19 2nd Half To 2019-20 |
| Reliance Infratel Ltd | 19 | 206/A | 16200 | 2018- 19 2nd Half To 2019-20 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-32 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL21 P 3427 എന്ന നമ്പരിലുള്ള വാഹനമാണുള്ളത്. ഇതിന്റെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-32-1 ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടില്ല

ഓഡിറ്റിന് ഹാജരാക്കിയ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ കാലാവധി 07.08.2019 വരെയായിരുന്നു. ഇതിനുശേഷം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. ജി.ഒ (ആർ.ടി) നം. 582/75 പി. ഡബ്ല്യു തീയതി. 05.05.1975, ധനകാര്യ പരിശോധന വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് സർക്കുലർ നം. 41/2008/ധന തീയതി. 02.08.2008 എന്നിവ പ്രകാരം സർക്കാർ/പൊതുമേഖല ഉടമസ്ഥതയിലുള്ള എല്ലാ വാഹനങ്ങളും വർഷത്തിലൊരിക്കൽ കേരള പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗത്തെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിക്കേണ്ടതും ഇന്ധന ഉപഭോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയ വിവരം ലോഗ്ബുക്കുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

07.08.2019 ന ശേഷം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് ആധാരമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 16.03.2021 തീയതിയിൽ 20 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഉപോദ്ബലകമായ രേഖകളോ മറുപടിയോ ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ലെന്ന ഓഡിറ്റ് വിലയിരുത്തുന്നു. യഥാസമയം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ മൈലേജ് കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരികയും തത്ഫലമായി ഇന്ധന ചെലവ് വർദ്ധിക്കുന്നതിനും വാഹനം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുന്നു. ആയതിനാൽ സമയബന്ധിതമായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുവാൻ കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

### 1-32-2 പുക പരിശോധയ്ക്ക് (Pollution Test)വിധേയമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത വാഹനം 2019-20 സാമ്പത്തിക വർഷങ്ങളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വാഹനത്തെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി 16.03.2021 തീയതിയിൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയോ തത്സംബന്ധമായ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാലയളവിൽ പുക പരിശോധന നടത്തിയിട്ടില്ലെന്നത് വ്യക്തമാണ്. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

### 1-32-3 മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ച് വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധന രജിസ്റ്ററും.

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനുവേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധനം നിറച്ച തീയതി, അളവ്, വില, വാഹന നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 86946/-രൂപ ചെലവഴിച്ചിട്ടുണ്ട്.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 16.03.2021 തീയതിയിൽ 20 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പ്രസ്തുത രജിസ്റ്ററുകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

## 1-32-4 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.ഔദ്യോഗിക വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക (Income And Expenditure Statement) പ്രകാരം വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 86946/-രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 16.03.2021 തീയതിയിൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ കസ്റ്റോഡിയനും പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-33 വാടക യഥാസമയം പിരിച്ചെടുത്തിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് കോംപ്ലക്സുകൾ എന്നിവയിലെ കടമുറികൾ 2019-20 സാമ്പത്തിക വർഷത്തേയ്ക്കു വാടകയ്ക്കു നൽകിയിരുന്നു. ഓഡിറ്റിനു ലഭ്യമാക്കിയ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം ഇവയുടെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വാടക കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കടമുറി നമ്പർ | പ്രതിമാസ വാടക തുക (രൂപ) | മുടക്കം വരുത്തിയ കാലയളവ് |
|---|---|---|---|
| കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് | VI | 441 | 01/20 മുതൽ 03/20 വരെ |
| കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് | VII | 651 | 11/19 മുതൽ 03/20 വരെ |
| കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് | IX,X | 891 | 01/20 മുതൽ 03/20 വരെ |
| കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് | XI | 800 | 02/20 മുതൽ 03/20 വരെ |
| കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് | XIII | 1454 | 02/20 മുതൽ 03/20 വരെ |
| കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് | XV | 728 | 12/19 മുതൽ 03/20 വരെ |
| അരുവിക്കര മാർക്കറ്റ് കോംപ്ലക്സ് | V | 379 | 12/19 മുതൽ 03/20 വരെ |

ഇത സംബന്ധിച്ച് 10.03.2021 ൽ നൽകിയ 09 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കടമുറികളുടെ വാടകതുക പിരിച്ച് യഥാസമയം ഒടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-34 റോഡ് കട്ടിംഗ് ചാർജ് വരവ് രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല

2019-2020 സാമ്പത്തിക വർഷം റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയതു സംബന്ധിച്ച രേഖകളൊന്നും തന്നെ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക (AFS)യുടെ പരിശോധനയിൽ തൻവർഷം "ചാർജസ് ഫോർ റോഡ് കട്ടിംഗ്" എന്ന അക്കൗണ്ട് ഹെഡിൽ 356951/-രൂപയുടെ വരവ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വരവിന് ആധാരമായ മുഴുവൻ അപേക്ഷകളും പണം ഒടുക്കിയ രസീതുകളും ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും ഉൾപ്പെടെയുള്ള രേഖകൾ 12.03.2021 ലെ 13 ആം നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും തത്സംബന്ധമായ യാതൊരു രേഖകളും ഹാജരാക്കിയില്ല. ഇക്കാരണത്താൽ ഇതിന്റെ കൃത്യതയും ആധികാരികതയും പരിശോധിച്ച് ബോദ്ധ്യപ്പെടുവാൻ ഓഡിറ്റിനു സാധിച്ചിട്ടില്ല.

പ്രസ്തുത ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാട്ടർ കണക്ഷനു വേണ്ടി ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ഈടാക്കിയ തുകയാണ് മേൽ ഹെഡിൽ വരവു ചെയ്തിരിക്കുന്നതെന്നും ഫയലുകൾ ഹാജരാക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ലക്ഷക്കണക്കിനു രൂപയുടെ വരവിനാധാരമായ രേഖകൾ ഹാജരാക്കാൻ കഴിയാത്തത് ഗുരുതരമായ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

## 1-35 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില സ്ഥാപനങ്ങളിലെ/ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധ വർഷത്തെയും) തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രസ്തുത സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ/ഓഫീസുകളുടെ പേര് ചുവടെ ചേർക്കുന്നു.

1. ദേവസ്വം ബോർഡ് ഓഫീസ്, അരുവിക്കര

2. മുണ്ടേല ശ്രീമഹാദേവ ക്ഷേത്രം ദേവസ്വം

3. അരുവിക്കര ദേവി ക്ഷേത്രം ദേവസ്വം

4. ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്

5. അസി.എൻജിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കെ.എസ്.ഇ.ബി, അരുവിക്കര

6. അരുവിക്കര സർവ്വീസ് സഹകരണ ബാങ്ക്, കാച്ചാണി

ഇതു സംബന്ധിച്ച് 10.03.2021 ൽ നൽകിയ 11 നം. ഓഡിറ്റ് എൻക്വയറിക്ക് മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പലിശ സഹിതം ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി കുടിശ്ശിക എത്രയും പെട്ടെന്ന് പിരിച്ചെടുത്ത് തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 1-36 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്.
എന്നാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 09.03.2021 ൽ 04 ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയിലൂടെ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും വ്യാപാരികളോട് ഫോൺ മുഖാന്തിരം വിളിച്ച് ആവശ്യപ്പെട്ടാണ് ഡിമാന്റ് ഒടുക്കു വരുത്തി വരുന്നത് എന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. ആയതിനാൽ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള ഡിമാന്റ് നോട്ടീസ്/ബില്ല് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 1-37 വ്യാപാരികളുടെ ലിസ്റ്റ് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല

ഓഡിറ്റിന് ലഭ്യമാക്കിയ വ്യാപാരികളുടെ ലിസ്റ്റ് മേലധികാരി അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇതിനെ ആധികാരിക രേഖയായി പരിഗണിക്കുവാൻ സാധിക്കുകയില്ല. കൂടാതെ വാർഡടിസ്ഥാനത്തിലല്ലാതെ തയ്യാറാക്കിയ ഈ ലിസ്റ്റിൽ കെട്ടിട നമ്പർ ഉൾപ്പെടുത്തുകയോ സപ്ലിമെന്ററി വിവരങ്ങൾ ചേർക്കുകയോ ചെയ്തിട്ടില്ല.

ഇതിനു കാരണമാരാഞ്ഞുകൊണ്ട് 09.03.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.04ന് ലഭ്യമാക്കിയ മറുപടിയിൽ ഇനി മുതൽ ട്രേഡേഴ്സ് ലിസ്റ്റ് മേലധികാരി അംഗീകരിച്ച് സാക്ഷ്യപ്പെടുത്തുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ മേൽപ്രസ്താവിച്ച വിവരങ്ങളോടൊപ്പം ഓരോ അർദ്ധ വർഷവും കാലികമായി പുതുക്കിയ വിവരങ്ങളും ചേർക്കേണ്ടതാണ്. മാത്രമല്ല ഓരോ അർദ്ധ വർഷത്തേയും വ്യാപാരികളുടെ ലിസ്റ്റ് മേലധികാരി അംഗീകരിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-38 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ളവ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

ഇതിനു കാരണമാരാഞ്ഞുകൊണ്ട് 09.03.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.04ന് ലഭ്യമാക്കിയ മറുപടിയിൽ ഇനി മുതൽ ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-39 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിലുള്ള റേഷൻ കടകൾ 2019-20 സാമ്പത്തിക വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഫാക്ടറി-വ്യാപാര ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോഴാണ് ഒരു റേഷൻ കട പോലും തൻവർഷം ലൈസൻസ് എടുത്തിരുന്നില്ല എന്ന കാര്യം ബോദ്ധ്യപ്പെട്ടത്. 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യമാണ്. കൂടാതെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. തൊഴിൽ നികുതിയോ ലൈസൻസ് ഫീസോ പഞ്ചായത്ത് റേഷൻ കടകളോട് ഡിമാന്റ് ചെയ്തിട്ടില്ല.

ഇതിനു കാരണമാരാഞ്ഞുകൊണ്ട് 10.03.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.11ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസ് നൽകി തുക ഈടാക്കുന്നതിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-40 കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്എന്നാൽ ഗ്രാമപഞ്ചായത്തിലെ കല്യാണമണ്ഡപങ്ങൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2019-2020 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. കൂടാതെ സ്ഥാപന നികുതിയും പിരിച്ചെടുത്തിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നു. കേരള പഞ്ചായത്ത്രാജ് ആക്ട്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്." ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്

ലൈസൻസ് വേണമെന്ന് വ്യക്തമാണ്. ലൈസൻസ് ഇല്ലാതെയും സ്ഥാപന നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. രത്നം ഓഡിറ്റോറിയം, ചെറിയകൊണ്ണി

2. വൈഷ്ണവി ഓഡിറ്റോറിയം, അരുവിക്കര

3. സി.എസ്.ഐ ചർച്ച് ട്രിപ്പിൾ ജൂബിലി ഹാൾ, മുളയറ

4. ശാരദ കല്യാണമണ്ഡപം, ഇറയാംകോട്

5. ശ്രീമുരുകഓഡിറ്റോറിയം, കുന്നൂർശാല, കാച്ചാണി

ഇതു സംബന്ധിച്ച് 15.03.2021 തീയതിയിൽ 15 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കല്യാണമണ്ഡപങ്ങൾ, ആഡിറ്റോറിയങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് കേരള പഞ്ചായത്ത്‌രാജ് നിയമത്തിൽ പ്രതിപാദിക്കാത്തതിനാലാണ് അത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-41 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-41-1 കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പണം പിരിച്ചെടുക്കുവാൻ ഉപയോഗിക്കുന്ന രസീതുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന രജിസ്റ്ററാണ് കളക്ഷൻ രജിസ്റ്റർ. രസീത് നമ്പർ, തീയതി, തുക, തുക സ്വീകരിച്ചതിന്റെ ഉദ്ദേശ്യം, തുക നൽകിയ വ്യക്തിയുടെ പേര് തുടങ്ങിയ വിവരങ്ങളാണ് കളക്ഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. ഓരോ ദിവസവും ലഭിക്കുന്ന കളക്ഷൻ തുകയും ഉപയോഗിച്ച രസീതുകളുടെ എണ്ണവും അറിയുന്നതിനും അതുപ്രകാരം കൃത്യമായി തുക ഒടുക്കുന്നതിനും സഹായകമാണ് പ്രസ്തുത രജിസ്റ്റർ.ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതു പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41-2 സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല

വരവ് രസീതുകൾ ഉൾപ്പെടുന്ന രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 40892, 40896, 40899, 40909, 40913 എന്നീ നമ്പർ രസീത് ബുക്കുകളിലാണ് ഇത്തരത്തിലുള്ള അപാകത ശ്രദ്ധയിൽപ്പെട്ടത്. കേരള ഫിനാൻഷ്യൽ കോഡ്, വാല്യം. 01, 90(ബി), 92(ബി) ആർട്ടിക്കിളുകൾ പ്രകാരം ഓരോ രസീത് ബുക്കിലെയും രസീതുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രസീത് ബുക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവയുടെ പുറം ചട്ടയുടെ ഉൾവശത്ത് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ഉൾപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 09.03.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.04ന് ലഭ്യമാക്കിയ മറുപടിയിൽ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നതാണെന്നും റദ്ദാക്കിയ രസീതുകളിൽ കാരണം രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 1-41-3 രസീതുകൾ റദ്ദുചെയ്യുന്നത് ശരിയായ രീതിയിലല്ല

രസീതുകളിൽ 'ക്യാൻസൽഡ്' എന്നെഴുതി റദ്ദുചെയ്യുന്ന രീതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇത്തരത്തിലുള്ള റദ്ദുചെയ്യൽ അനധികൃതമാണ്. രസീതുകൾ റദ്ദുചെയ്യേണ്ട സാഹചര്യം വരുമ്പോൾ ആയതിനുള്ള കാരണം രേഖപ്പെടുത്തി റദ്ദുചെയ്യേണ്ടതും മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ റദ്ദാക്കിയ രസീതിന്റെ ഡ്യൂപ്ലിക്കേറ്റിനൊപ്പം ഒറിജിനലും സൂക്ഷിക്കേണ്ടതാണ്. അനധികൃതമായ രസീത് റദ്ദാക്കലിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 40892 | 02, 26, 79, 80, 81 |
| 40897 | 07 |
| 40903 | 02, 03 |
| 40905 | 30, 31 |
| 40908 | 40 |
| 40910 | 49 |
| 62251 | 43 |
| 62252 | 55 |

## 1-42 പ്രോജക്ടുകളുടെ നിർവ്വഹണത്തിനും ചെലവു തുകയ്ക്കും നിദാനമായ രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ നിക്ഷേപ പ്രവൃത്തി പ്രോജക്ടുകളുടെ നിർവ്വഹണത്തിനും ചെലവഴിച്ച തുകയ്ക്കും ആധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടുകളുടെ വിശദാംശങ്ങൾ | | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1. | പ്രോജക്ട് നമ്പർ | SO 237/20 | നിർവ്വഹണ ഏജൻസിയുമായുള്ള കരാർ, വിനിയോഗ സാക്ഷ്യപത്രം |
| | പ്രോജക്ടിന്റെ പേര് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | |
| | ഫണ്ടിനം | തനത് ഫണ്ട് | |
| | വകയിരുത്തിയ തുക | 300000/- | |
| | അടങ്കൽ തുക | 300000/- | |
| | നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി | |
| | ഭരണാനുമതിനമ്പരും തീയതിയും | 1(1)/03.01.2020 | |
| | ട്രഷറി ബിൽ നമ്പരും തീയതിയും | | |
| | ആകെ ചെലവു തുക(ചെലവു പത്രിക) | 182210/- | |
| 2. | പ്രോജക്ട് നമ്പർ | SO 73/20 | നിർവ്വഹണ ഏജൻസിയുമായുള്ള കരാർ |
| | പ്രോജക്ടിന്റെ പേര് | Mundela Thalaykkavila Road Street Extension | |
| | ഫണ്ടിനം | (വികസനഫണ്ട്) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | വകയിരുത്തിയ തുക | 100000/- | |
| | അടങ്കൽ തുക | 100000/- | |
| | നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി | |
| | ഭരണാനുമതിനമ്പരും തീയതിയും | 1(1)/15.12.2018 | |
| | ട്രഷറി ബിൽ നമ്പരും തീയതിയും | A2/Dev/73/19-20, 17.09.2019 | |
| | ആകെ ചെലവു തുക(ചെലവു പത്രിക) | 97851/- | |
| 3. | പ്രോജക്ട് നമ്പർ | SO 238/20 | നിർവ്വഹണ ഏജൻസിയുമായുള്ള കരാർ, വിനിയോഗ സാക്ഷ്യപത്രം |
| | പ്രോജക്ടിന്റെ പേര് | Street Main Extension In Thekkuvila-Sivaji Road | |
| | ഫണ്ടിനം | തനത് ഫണ്ട് | |
| | വകയിരുത്തിയ തുക | 15330/- | |
| | അടങ്കൽ തുക | 15330/- | |
| | നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി | |
| | ഭരണാനുമതിനമ്പരും തീയതിയും | 1(1)/03.01.2020 | |
| | ട്രഷറി ബിൽ നമ്പരും തീയതിയും | | |
| | ആകെ ചെലവു തുക(ചെലവു പത്രിക) | 15179/- | |
| 4. | പ്രോജക്ട് നമ്പർ | SO 197/20 | നിർവ്വഹണ ഏജൻസിയുമായുള്ള കരാർ, |

| | | | |
|---|---|---|---|
| | പ്രോജക്ടിന്റെ പേര് | കുഴിപൊയ്ക ഉഴുന്നവിള കളിവിളാകം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം |
| | ഫണ്ടിനം | (വികസനഫണ്ട് ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | വകയിരുത്തിയ തുക | 200000/- | |
| | അടങ്കൽ തുക | 200000/- | |
| | നിർവ്വഹണ ഏജൻസി | കെ.ഡബ്ല്യൂ.എ | |
| | ഭരണാനുമതിനമ്പരും തീയതിയും | 1(1)/13.06.2019 | |
| | ട്രഷറി ബിൽ നമ്പരും തീയതിയും | A2/197/CFC/2019-20, 18.12.2019 | |
| | ആകെ ചെലവ് തുക(ചെലവ് പത്രിക) | 200000/- | |
| 5. | പ്രോജക്ട് നമ്പർ | SO 202/20 | നിർവ്വഹണ ഏജൻസിയുമായുള്ള കരാർ, എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം |
| | പ്രോജക്ടിന്റെ പേര് | കലമാന്നൂർ കുതിരകുളം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | |
| | ഫണ്ടിനം | തനത് ഫണ്ട് | |
| | വകയിരുത്തിയ തുക | 200000/- | |
| | അടങ്കൽ തുക | 200000/- | |
| | നിർവ്വഹണ ഏജൻസി | കെ.ഡബ്ല്യൂ.എ | |
| | ഭരണാനുമതിനമ്പരും തീയതിയും | 1(1)/13.06.2019 | |
| | ട്രഷറി ബിൽ നമ്പരും തീയതിയും | | |
| | ആകെ ചെലവ് തുക(ചെലവ് പത്രിക) | 197000/- | |
| 6. | പ്രോജക്ട് നമ്പർ | SO 227/20 | നിർവ്വഹണ ഏജൻസിയുമായുള്ള കരാർ, എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം |
| | പ്രോജക്ടിന്റെ പേര് | ഊളൻകുന്ന് നാണമല പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | |
| | ഫണ്ടിനം | (വികസനഫണ്ട് ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | വകയിരുത്തിയ തുക | 380000/- | |
| | അടങ്കൽ തുക | 380000/- | |
| | നിർവ്വഹണ ഏജൻസി | കെ.ഡബ്ല്യൂ.എ | |
| | ഭരണാനുമതിനമ്പരും തീയതിയും | 1(1)/03.01.2020 | |
| | ട്രഷറി ബിൽ നമ്പരും തീയതിയും | A2/227/CFC/2019-20, 18.12.2019 | |
| | ആകെ ചെലവ് തുക(ചെലവ് പത്രിക) | 380000/- | |
| 7. | പ്രോജക്ട് നമ്പർ | SO 200/20 | നിർവ്വഹണ ഏജൻസിയുമായുള്ള കരാർ, എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം |
| | പ്രോജക്ടിന്റെ പേര് | മേക്കോണം കാവിൻപുറം തോണിപ്പാറ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | |
| | ഫണ്ടിനം | (വികസനഫണ്ട് ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | വകയിരുത്തിയ തുക | 250000/- | |
| | അടങ്കൽ തുക | 250000/- | |
| | നിർവ്വഹണ ഏജൻസി | കെ.ഡബ്ല്യൂ.എ | |

| | | | |
|---|---|---|---|
| | ഭരണാനുമതിനമ്പരും തീയതിയും | 1(1)/13.06.2019 | |
| | ട്രഷറി ബിൽ നമ്പരും തീയതിയും | A2/200/CFC/2019-20, 18.12.2019 | |
| | ആകെ ചെലവ് തുക(ചെലവ് പത്രിക) | 250000/- | |
| 8. | പ്രോജക്ട് നമ്പർ | SO 198/20 | നിർവ്വഹണ ഏജൻസിയുമായുള്ള കരാർ, എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം |
| | പ്രോജക്ടിന്റെ പേര് | കടയറ പ്ലാവിളക്കാവ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | |
| | ഫണ്ടിനം | (വികസനഫണ്ട്) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | വകയിരുത്തിയ തുക | 100000/- | |
| | അടങ്കൽ തുക | 100000/- | |
| | നിർവ്വഹണ ഏജൻസി | കെ.ഡബ്ല്യൂ.എ | |
| | ഭരണാനുമതിനമ്പരും തീയതിയും | 1(1)/13.06.2019 | |
| | ട്രഷറി ബിൽ നമ്പരും തീയതിയും | A2/198/CFC/2019-20, 18.12.2019 | |
| | ആകെ ചെലവ് തുക(ചെലവ് പത്രിക) | 100000/- | |
| 9. | പ്രോജക്ട് നമ്പർ | SO 199/20 | നിർവ്വഹണ ഏജൻസിയുമായുള്ള കരാർ, വിനിയോഗ സാക്ഷ്യപത്രം |
| | പ്രോജക്ടിന്റെ പേര് | Shifting KSEB Pole At Aruvikkara Family Health Centre | |
| | ഫണ്ടിനം | (വികസനഫണ്ട്) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | വകയിരുത്തിയ തുക | 42714/- | |
| | അടങ്കൽ തുക | 42714/- | |
| | നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി | |
| | ഭരണാനുമതിനമ്പരും തീയതിയും | 1(1)/13.06.2019 | |
| | ട്രഷറി ബിൽ നമ്പരും തീയതിയും | A2/199/CFC/2019-20, 19.07.2019 | |
| | ആകെ ചെലവ് തുക(ചെലവ് പത്രിക) | 33410/- | |

മേൽ പ്രസ്താവിച്ച രേഖകൾ ആവശ്യപ്പെട്ട് 18.03.2021, 19.03.2021 എന്നീ തീയതകളിൽ യഥാക്രമം 32, 37 നമ്പരുകളിലായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടിയോ ഉപോദ്ബലകമായ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത രേഖകൾ എത്രയും പെട്ടെന്ന് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-43 നിർവ്വഹണോദ്യോഗസ്ഥൻ ക്യാഷ്ബുക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്ന ക്യാഷ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. എല്ലാ വരവ് ചെലവ് കണക്കുകളും വ്യവസ്ഥാപിതമായ രീതിയിൽ എഴുതി സൂക്ഷിക്കുവാൻ ഉപയോഗിക്കുന്ന സുപ്രധാന രേഖയാണ് ക്യാഷ്ബുക്ക്. ഇത് ഫോറം നം. 7A മാതൃകയിലായിരിക്കണമെന്നും ധനം കൈകാര്യം ചെയ്യുന്ന എല്ലാ ഓഫീസുകളും/സ്ഥാപനങ്ങളും ഇത് പരിപാലിക്കണമെന്നും കേരള ട്രഷറി കോഡ്, വാല്യം. 01, ചട്ടം 92(I) നിഷ്കർഷിക്കുന്നു. ജി.ഒ(പി) നം. 119/08/ഫിൻ തീയതി. 07.03.2008 എന്ന സർക്കാർ ഉത്തരവ് നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ക്യാഷ്ബുക്ക് ലഭ്യമാക്കുവാൻ 18.03.2021ലെ 32 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല.

## 1-44 കേരള സംസ്ഥാന സേവനാവകാശ ആക്റ്റ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2012 ലെ കേരള സംസ്ഥാന സേവനാവകാശ ആക്റ്റ് സെക്ഷൻ 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം അത് നൽകുന്ന സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, സേവനങ്ങൾ ലഭിക്കേണ്ട നിശ്ചിത സമയ പരിധി എന്നിവ ഉൾപ്പെടുത്തി വിജ്ഞാപനം നടത്തേണ്ടതാണ്. കൂടാതെ 2012 ലെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം നിയുക്ത ഉദ്യോഗസ്ഥൻ ഫോറം നമ്പർ IV ൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 23 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമായില്ല.പൗരജനങ്ങളുടെ അവകാശങ്ങൾ പരിപാലിക്കപ്പെടുന്നതിനും പഞ്ചായത്ത് ഭരണം സുതാര്യവും ജനസൗഹൃദപരവും ആക്കുക എന്ന ലക്ഷ്യത്തോടെ വിജ്ഞാപനം ചെയ്തിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-45 പൗരാവകാശരേഖ പുതുക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 272 (എ ) പ്രകാരം പൗരാവകാശരേഖ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ മൂന്നാം ചട്ടപ്രകാരം രൂപികരിച്ചതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ ഗ്രാമപഞ്ചായത്ത് ചർച്ചചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതുമാണ് എന്ന് ഈ ചട്ടങ്ങളിലെ ചട്ടം 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയതിന് ശേഷം പുതുക്കിയതിന്റെ യാതൊരു രേഖയും ഓഡിറ്റ് എൻക്വയറി 23 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമായില്ല.ആയത് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-46 വിവരാവകാശ രജിസ്റ്റർ പരിപാലിക്കുന്നില്ല

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം 1762 രൂപ വിവരാവകാശ നിയമത്തിന്റെ ഫീസിനത്തിൽ വരവുണ്ട്. എന്നാൽ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 24 പ്രകാരം വിവരാവകാശ രജിസ്റ്റർ ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമായില്ല. 9 കോളങ്ങളുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള വിവരാവകാശ രജിസ്റ്റർ പരിപാലിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ സെക്രട്ടറി മേൽ രജിസ്റ്റർ പരിശോധന നടത്തേണ്ടതുമാണ്. വിവരാവകാശ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. വിവരാവകാശ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും സദ്ഭരണം വർക്കിംഗ് ഗ്രൂപ്പ് ഇതിന്റെ മേൽ പരിശോധന നടത്തേണ്ടതുമാണ്.

## 1-47 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.

ജി ഒ (എം എസ്) 11/2018/തസ്വഭവ 29.01.2018 ഖ 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ തന്നെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. കൂടാതെ ഖ.13.1പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരം 2019-20 വർഷം പൂർത്തിയാക്കിയ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പദ്ധതിപ്രവർത്തനങ്ങൾ യഥാസമയം മോണിറ്ററിംഗ് നടത്തി ആയതിന്റെ റിപ്പോർട്ടുകൾ ബന്ധപ്പെട്ടവർക്ക് നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-48 പഞ്ചായത്ത് തല കായിക വികസനം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 56/19-20 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് തല കായിക വികസനം |
| അടങ്കൽ | 120000 (100000രൂപ-വികസന ഫണ്ട്-ജനറൽ,<br>20000 രൂപ-തനതുഫണ്ട്.) |
| ചെലവ് | 34387-വികസനഫണ്ട്.<br>3510-തനതുഫണ്ട്. |
| ബിൽ നമ്പർ | 07/28-02-2020 (34387) |
| നിർവ്വഹണം | അസി.സെക്രട്ടറി |

കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് ഫുട്ബോൾ, ക്രിക്കറ്റ്, കബഡി, വോളീബോൾ എന്നീ കായികയിനങ്ങളിൽ താൽപ്പര്യമുള്ള അരുവിക്കര ഗ്രാമപഞ്ചായത്തുനിവാസികളായ 18 നും 45നും മദ്ധ്യേ പ്രായമുള്ള വ്യക്തികളിൽ നിന്നും സെലക്ഷൻ ട്രയൽസ് നടത്തി കായികപ്രതിഭകളെ കണ്ടെത്തുകയും അവർക്ക പരിശീലനം നൽകി ജില്ലാ ബ്ളോക്ക തല മൽസരങ്ങളിൽ പങ്കെടുക്കുന്നതിന യോഗ്യരാക്കുക എന്നിവയായിരുന്നു പ്രോജക്ട് ലക്ഷ്യം. പദ്ധതിനടത്തിപ്പിൽ പാലിക്കേണ്ടിയിരുന്ന സർക്കാർ ഉത്തരവ്(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14-02-2018 ലെ ഖണ്ഡിക 7.6(2) പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. ടി.വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.) പ്രൊഫഷണൽ യോഗ്യതയുള്ള മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, കബഡി എന്നിവയ്ക്കായി മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി ഓരോ ഐറ്റത്തിനും വെവ്വേറെ സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

2.) പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട ടീമുകൾക്ക് സംസ്ഥാന/ജില്ല സ്പോർട്സ് കൌൺസിൽ കോച്ചുകൾ, സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കായിക അദ്ധ്യാപകർ, നിർദ്ദിഷ്ട ഗെയിംസുകളിലെ ജില്ല/സംസ്ഥാന ടീം അംഗങ്ങൾ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകിയിട്ടില്ല.

3) കേരളോത്സവം ഉൾപ്പെടെ തദ്ദേശ ഭരണ സ്ഥാപനത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി ഒരു സ്പോർട്സ് കലണ്ടർ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കിയിട്ടില്ല.

പ്രോജക്ട് നടത്തിപ്പിനായി വാങ്ങിയ 34387 രൂപയുടെ ജേഴ്സികൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല.പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.ഇക്കാരണത്താൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
വരും വർഷങ്ങളിൽ പ്രോജക്ടിന്റെ വിവിധ നിർവ്വഹണ ഘട്ടങ്ങൾ സംബന്ധിച്ച സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണമായും നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിക്കേണ്ടതും പഞ്ചായത്ത് ഭരണ സമിതി അക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-49 പാഥേയം പദ്ധതി (പ്രോജക്ട് നം.55/19-20 ).--അപാകതകൾ.

..

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി.

അടങ്കൽ:

വികസനഫണ്ട്- (പൊതുവിഭാഗം സാധാരണവിഹിതം)- 288000

ജില്ലാ പഞ്ചായത്ത് വിഹിതം --432000

ആകെ -- 720000

ചെലവ് -- 44520

50 അഗതികൾക്ക് പൊതിച്ചോറു നൽകുന്നതിന രൂപീകരിച്ച ഗ്രാമ ജില്ലാ പഞ്ചായത്തുകളുടെ സംയുക്തപദ്ധതിയാണിത്.അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 21.06.2018ലെ അടിയന്തിരയോഗത്തിലെ 6(10) നമ്പർ തീരുമാനപ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴിയാണ് ഭക്ഷണം വിതരണം ചെയ്തിട്ടുള്ളത്. പദ്ധതിനടത്തിപ്പിനായി 13.12.18ലെ 1(1)നം.തീരുമാനം പ്രകാരം ആകെ ചെലവിന്റെ 60% തുക ജില്ലാ പഞ്ചായത്തു വിഹിതം വകയിരുത്തിയിട്ടുണ്ട്. എന്നാൽ ചെലവു മുഴുവൻ ഗ്രാമ പഞ്ചായത്തു പൊതു വിഭാഗം സാധാരണവിഹിതത്തിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. ജില്ലാ

പഞ്ചായത്തിൽ നിന്നും ആകെ ചെലവിന്റെ 60% തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

13.06.19 ലെ പഞ്ചായത്തുകമ്മിറ്റിയുടെ 1(7) നം .തീരുമാനപ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റ്

.

ഹാജരാക്കിയിട്ടുണ്ട് എങ്കിലും മുൻഗണനാക്രമത്തിൽ പദ്ധതിപ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടില്ല. ടി. വിഷയം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ

ഗുണഭോക്തൃലിസ്റ്റിലുണ്ടായിരുന്ന പലർക്കും പിന്നീട് ഭക്ഷണപ്പൊതി ആവശ്യമില്ല എന്നറിയിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഇത്തരം പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റുകളിൽ അനർഹരെ ഉൾപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗുണഭോക്താക്കൾക്ക് 2019-20 സാമ്പത്തികവർഷത്തെ എല്ലാ മാസങ്ങളിലും പ്രതിദിനം ഭക്ഷണപ്പൊതി ലഭിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ ഒരു ഗുണഭോക്താവിൽ നിന്നു പോലും ലഭ്യമാക്കിയിട്ടില്ല. വികസനഫണ്ടു ചെലവഴിച്ച നടത്തിയ പദ്ധതി നടത്തിപ്പിൽ ഭക്ഷണപ്പൊതിയിൽ സമീകൃതാഹാരം ഉൾപ്പെടുത്തിയിരുന്നോ എന്നു വ്യക്തമാക്കിയിട്ടില്ല.

പദ്ധതിക്കാലയളവിലുടനീളം ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതായി സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ദാരിദ്ര്യവും കഷ്ടതയും അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കു വേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ നടപടിക്രമങ്ങൾ സുതാര്യമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

## 1-50 അനുപൂരകപോഷകാഹാരവിതരണം-കയറ്റിറക്കുകൂലി അധികം നൽകി.

| | |
|---|---|
| പദ്ധതിയുടെ പേര് | അനുപൂരകപോഷകാഹാരവിതരണം |
| പദ്ധതി നമ്പർ | 28 /19-20 |
| അടങ്കൽ | 2499075 |
| ചെലവ് | 2457850 |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പിലാക്കിയ അനുപൂരകപോഷകാഹാരവിതരണം പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗ്രാമ്യ ന്യൂട്രിമിക്സ് ,കാച്ചാണിഎന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ് വാങ്ങി അംഗൻവാടികളിൽ എത്തിച്ചതിനുള്ള കയറ്റിറക്കുകൂലി നല്കിയതു സംബന്ധിച്ച വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ബിൽനം./ തീയതി. | അമൃതം പൊടി വാങ്ങിയ അളവ്(കിലോഗ്രാം) | നൽകിയ തുക @1.50 രൂപ. | നല്കേണ്ട തുക@50 പൈസ | അധികം നൽകിയത്. |
|---|---|---|---|---|
| 103/9.05.19 | 1506 | 2259 | 753 | 1506. |
| 45/1.4.19 | 1455 | 2182.5 | 727.5 | 1455 |
| 108/22.06.19 | 1485 | 2227.5 | 742.5 | 1485 |
| 115/2.7.19 | 1470 | 2205 | 735 | 1470 |
| 121/16.08.19 | 1515 | 2272.5 | 757.5 | 1515 |
| 128/20.09.19 | 1488 | 2232. | 744 | 1488 |
| 133/ 24.10.19 | 1491 | 2236.5 | 745.5 | 1491 |
| 142/23.12.19 | 1512 | 2268. | 756 | 1512. |
| | | | ആകെ | 11922 രൂപ |

ഇപ്രകാരം തുക അധികം നല്കിയതു സംബന്ധിച്ച് നടത്തിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ്എൻക്വയറി നം.35)നു നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ, ക്വട്ടേഷൻ വിളിച്ചിരുന്നുവെങ്കിലും പഞ്ചായത്തുകമ്മിറ്റിയുടെ അംഗീകാരത്തിനു സമർപ്പിക്കുവാൻ സാധിക്കാതിരുന്നതു മൂലമാണ് ഇപ്രകാരം അധികം തുക നൽകുവാൻ ഇടവന്നത് എന്നു രേഖപ്പെടുത്തിയിരിക്കുന്നു.ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കാത്ത പക്ഷം സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ കയറ്റിറക്കുകൂലി മാത്രമേ ചെലവഴിക്കാവൂ. മേലിൽ ടി അപാകത ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്തപ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (*1) | 2019-20 | 783987 | 2408731 | ജലശ്രീ | 5130 | -135002 |
| | | | | ലൈഫ് ജനറൽ | 740476 | |
| | | | | കൊക്കോതമംഗലം-നെട്ടറച്ചിറ ലക്ഷംവീട് കോളനി പുനരുദ്ധാരണം | 100000 | |
| | | | | പാലിയോറ്റീവ് പരിചരണം | 100000 | |
| | | | | തലകോട്ടുകോണം-കാവിൻപുറം റോഡ് കോൺക്രീറ്റിംഗ് | 600000 | |
| | | | | മുള്ളിലവൻ മൂട്-അറമ്പൻകോട്ടകോണം റോഡ്പുനരുദ്ധാരണം | 0 | |
| | | | | പകൽ വീട് നിർമ്മാണം-രണ്ടാം ഘട്ടം | 318989 | |
| | | | | ബഡ്സ് സ്കൂൾ നിർമ്മാണം | 500000 | |
| | | | | സ്നേഹ സ്പർശം | 463125 | |
| | | | | ക്ഷീരസമൃദ്ധി | 500000 | |
| ജില്ലാ പഞ്ചായത്ത് (*2) | 2019-20 | 244938 | 1151820 | ലൈഫ് ഭവനനിർമ്മാണം (എസ്.സി) | 3691 | 90000 |
| | | | | ഭവനനിർമ്മാണം (എസ്.സി)- സ്പിൽ ഓവർ | 298028 | |
| | | | | കൊക്കോതമംഗലം-നെട്ടറച്ചിറ ലക്ഷംവീട് കോളനി പുനരുദ്ധാരണം | 520000 | |
| | | | | ജലശ്രീ | 7695 | |
| | | | | ശിശുസൗഹൃദപഞ്ചായത്ത് | 0 | |
| | | | | സ്നേഹ സ്പർശം | 463125 | |
| | | | | പാഥേയം | 0 | |
| | | | | പാഥേയം- സ്പിൽ ഓവർ | 0 | |
| | | | | ബഡ്സ് സ്കൂൾ നിർമ്മാണം | 1000000 | |
| | | | | ക്ഷീരസമൃദ്ധി | 70000 | |

(*1)- അക്കൗണ്ട്സ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് എന്നിവയും, സുലേഖഎക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് നെഗറ്റീവ് ആണ് വരുന്നത്. അക്കൗണ്ട്സ് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് -683987 രൂപയാണ്.

(*2)- അക്കൗണ്ട്സ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് എന്നിവയും, സുലേഖഎക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് നെഗറ്റീവ് ആണ് വരുന്നത്. അക്കൗണ്ട്സ് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് -244938 രൂപയാണ്

ഇതുമായി ബന്ധപ്പെട്ട വ്യക്തമായി കണക്ക് ലഭ്യമാക്കാത്തതിനാൽ കൂടുതൽ പരിശോധിക്കാൻ സാധിച്ചില്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഏജൻസി | മുൻ ബാക്കി | തൻവർഷം നൽകിയ മുൻകൂർ തുക | ആകെ | ചെലവായ തുക | തൻവർഷം ബാലൻഷീറ്റ് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 160250 | 328649 (*1) | 488899 | 0 | 488899 (*2) |
| KWA | 947382 | 1094481 | 2041863 | 0 | 2041863 |

(*1)- അക്കൗണ്ട്സ് പ്രകാരം തൻവർഷം നൽകിയ തുക -97851

(*2)- അക്കൗണ്ട്സ് പ്രകാരം തൻവർഷ നീക്കിയിരിപ്പ്- 283101

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിരനിക്ഷേപം

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-6 സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-7 ചാർജ്ജ്/സർചാർജ്ജ് നടപടികൾ

ഇല്ല

## 4-8(എ) ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,40,70,331 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,64,16,388 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3304453 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 379618 | ഡോ.അഞ്ചു മറിയം ജോൺ |

| | | |
|---|---|---|
| 1-13 | 17140 | മെഡിക്കൽ ഓഫീസർ,പി.എച്ച.സി |
| 1-15 | 100000 | |
| 1-16 | 115395 | |
| 1-29 | 22300 | ശ്രീമതി സൗമ്യറാണി .ആർ<br>ഐ.സി.ഡി. എസ്. സൂപ്പർവൈസർ |
| 1-42 | 2570000 | ശ്രീമതി ശ്രീദേവി .എസ്<br>ഡയറി ഫാം ഇൻസ്പെക്റ്റർ |

<u>4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 5 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 21 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 4 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 4 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 2 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 5 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 3 | |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 7 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 10 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 9 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 4 | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 8 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/1352/18 തീയതി 31.05.2018 | 7 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/2590/18 തീയതി 09.01.2020 | 24 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/804/2020 തീയതി 15.10.2020 | 40 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്